# ശാംഭവി

ത്രൈമാസിക

പുസ്തകം 1 | ഒക്ടോബർ - ഡിസംബർ 2010 | ലക്കം 4



'ശാംഭവി' വരിസംഖ്യ പുതുക്കുക. ഈ വർഷത്തെ നാലാമത്തെ ലക്കമാണ് നിങ്ങളുടെ കൈയിൽ എത്തുന്നത്. അടുത്ത വർഷവും ശാംഭവി ലഭിക്കുന്നത് ഉറപ്പാക്കാൻ വാർഷിക വരിസംഖ്യ ₹ 60/- മണി ഓർഡർ/ഡിഡി ആയി ശ്രീപുരം പബ്ലിക്കേഷന്റെ പേരിൽ അയക്കുക. പണം അയക്കുന്നവർ അവരവരുടെ അഡ്രസും ഫോൺ നമ്പറും കൃത്യമായി എഴുതാൻ മറക്കരുത്.

**ശ്രീപുരം പബ്ലിക്കേഷൻസ്**
മാടായിക്കോണം പി.ഒ.
ഇരിഞ്ഞാലക്കുട, തൃശ്ശൂർ 680 712
ഫോൺ : 0480 2856505, 9288048604

പുസ്തകം 1, ലക്കം 4
ഒക്ടോബർ – ഡിസംബർ 2010

ഒരു വർഷത്തേയ്ക്ക് : ₹ 60/-

**ശ്രീപുരം പബ്ലിക്കേഷൻസ്**
മാടായിക്കോണം
ഇരിങ്ങാലക്കുട
തൃശ്ശൂർ – 680 712
shripuramtrust@yahoo.co.in
www.shripuram.org.

**പത്രാധിപർ**
പ്രകാശ് ഡി.

**പത്രാധിപ സമിതി**
സി.എം. കൃഷ്ണനുണ്ണി
എൽ. ഗിരീഷ്കുമാർ
കെ.പി. ശ്രീധരൻ നമ്പൂതിരി
അജിതൻ പി.ഐ.
വിഷ്ണു ആനന്ദ്
ടി.ജി. വിഷ്ണു
കണ്ണൻ കെ.എസ്.
അനൂപ് എസ്.യു.

**പ്രസാധകൻ**
ശ്രീപുരം പബ്ലിക്കേഷനുവേണ്ടി
ശ്രീകാന്ത് സി.

**അക്ഷരവിന്യാസം, രൂപകല്പന**
രവി പാറക്കുന്നം, തൃശൂർ.

**മുദ്രണം**
ഇംപ്രസ്സ് പ്രിന്റേഴ്സ്,
ഇരിങ്ങാലക്കുട.

## വിഷയവിവരം

1. ശ്രീദുർഗ്ഗാഷ്ടകം
5

2. വനിതാസംവരണത്തിന്റെ ആത്മീയമാനം
8

3. മനസ്സിന്റെ പ്രവർത്തനം ഭാരതീയ ഋഷിമാരുടെ ദൃഷ്ടിയിൽ
12

4. സംസ്കൃതപഠനം
23

4. വിഷ്ണുസംഹിതാ
27

4. ശ്രീകൃഷ്ണന്റെ ധർമ്മപരിപാലന ദൗത്യം
29

ശാംഭവി
ഒക്ടോബർ – ഡിസംബർ 2010

## പത്രാധിപകുറിപ്പ്

മനുഷ്യപ്രകൃതി, സ്വാതന്ത്ര്യേച്ഛാ സത്സംഗം എന്നിവ ദുർലഭ വസ്തുക്കളായി മഹാത്മാക്കൾ അഭിപ്രായപ്പെടുന്നു.

“ദുർലഭം ത്രയമേവൈതത്
ലോകാനുഗ്രഹഹേതുകം
മനുഷ്യത്വം മുമുക്ഷുത്വം
മഹാപുരുഷസംശ്രയഃ”

മാലോകർക്ക് അനുഗ്രഹത്തിന് കാരണമായിട്ടുള്ളതും ദുർലഭവുമായ മൂന്ന് വസ്തുക്കളാണ് മനുഷ്യൻ സ്വധർമ്മമനുഷ്ഠിക്കുക – മനുഷ്യത്വം, നിത്യസ്വാതന്ത്ര്യമാഗ്രഹിക്കുക – മുമുക്ഷത്വം, സത്സംഗം – മഹാപുരുഷസംശ്രയഃ എന്നിവ.

ജന്മനാലുള്ളതും കപടരഹിതവുമായ സ്വഭാവം യാതൊന്നാണോ അതാണ് മനുഷ്യപ്രകൃതി അഥവാ മനുഷ്യത്വം. ഒരിക്കലും നാശമടയാത്ത സുഖം ആഗ്രഹിക്കുക എന്നതാണ് സ്വാതന്ത്ര്യേച്ഛ അഥവാ മുമുക്ഷുത്വം. സ്വാതന്ത്ര്യത്തിലേയ്ക്കു നയിക്കുന്നവരുമായുള്ള കൂട്ടുകെട്ടാണ് സത്സംഗം അഥവാ മഹാപുരുഷസംശ്രയം. ലോകത്തിന് അനുഗ്രഹമുണ്ടാക്കുന്ന ഇവ മൂന്നും എന്ന് മനുഷ്യന് കുറഞ്ഞുവരുന്നുവോ അന്ന് പ്രകൃതിദത്തമായ ശുദ്ധവായു, ശുദ്ധജലം, ശുദ്ധ ഭക്ഷണം എന്നിവ ദുർലഭമായി വരും. അത് ഇന്ന് അനുഭവത്തിൽ കണ്ടുവരുന്നു.

ഇവിടെ സ്വാതന്ത്ര്യത്തിലേയ്ക്കു നയിക്കുന്നവരുമായുള്ള കൂട്ടുകെട്ടാണ് മനുഷ്യനെ സ്വപ്രകൃതിയിലേയ്ക്കും സ്വാതന്ത്ര്യേച്ഛയിലേയ്ക്കും നയിക്കുക. അതുകൊണ്ട് നമുക്ക് ആദ്യം വേണ്ടത് മഹാപുരുഷസംശ്രയമാണ്. ആ ദുർലഭമായ മഹാപുരുഷസംശ്രമാണ് ശാംഭവിയുടെ വായന. വ്യക്തിയുടെ സ്വാശ്രയത്വവും സ്വാഭിമാനത്വവും സ്വാതന്ത്ര്യവും ശാംഭവി ആഗ്രഹിക്കുന്നു. ശാംഭവിയുടെ വായന മുൻപറഞ്ഞപ്രകാരം ഒരു സത്സംഗമായി നിങ്ങൾക്ക് അനുഭവപ്പെടുന്നുണ്ടെങ്കിൽ, ലോകർ എല്ലാവരും സുഖം അനുഭവിക്കട്ടെ എന്ന് ആഗ്രഹിക്കുന്നുവെങ്കിൽ ശാംഭവീവായന എന്ന സത്സംഗം കൂടുതൽ ആളുകളിൽ എത്തിക്കുവാൻ നിങ്ങളും പരിശ്രമിക്കുക.

# ശ്രീദുർഗ്ഗാഷ്ടകം

സമ്പാദകൻ : ഡി. പ്രകാശ്

1. ഓങ്കരവിഘ്നാധിപതിം പ്രണമ്യ
ഗുരൂംശ്ച സർവ്വാൻ സകലാം പ്രണമ്യ
സംസാരദുഃഖൗഘവിനാശനായ
ദുഃഖാർത്തിഹന്ത്രീം പ്രണമാമി ദുർഗ്ഗാം.

ഓങ്കാരസ്വരൂപനായ വിഘ്നാധിപതിയായ വിഘ്നേശ്വരനെ പ്രണമിച്ചിട്ട് എല്ലാ ഗുരുക്കന്മാരേയും പ്രണമിച്ചിട്ട് സംസാരദുഃഖസമൂഹങ്ങളെ അകറ്റുവാനായി ദുഃഖമാകുന്ന ആപത്തിനെ നശിപ്പിക്കുന്ന എല്ലാ കലകളോടും കൂടിയ ദുർഗ്ഗയെ ഞാൻ പ്രണമിക്കുന്നു.

2. ഹ്രീങ്കാരമന്ത്രാർണ്ണവമധ്യസംസ്ഥാം
ഹ്രീങ്കാരമന്ത്രൈകഫലപ്രദാത്രീം
ഗണാധിപസ്കന്ദകുമാരയുക്താം
ദുഃഖാർത്തിഹന്ത്രീം പ്രണമാമി ദുർഗ്ഗാം.

ഹ്രീങ്കാരമന്ത്രമാകുന്ന സമുദ്രത്തിന്റെ മദ്ധ്യത്തിൽ സ്ഥിതി ചെയ്യുന്നവളും ഹ്രീങ്കാരമന്ത്രമൊന്നുകൊണ്ടുതന്നെ ഫലത്തെ നല്കുന്നവളും ഗണപതി സുബ്രഹ്മണ്യന്മാരോടൊപ്പം ഇരിക്കുന്നവളുമായ ദുഃഖമാകുന്ന ആപത്തിനെ നശിപ്പിക്കുന്ന ദുർഗ്ഗയെ ഞാൻ പ്രണമിക്കുന്നു.

3. ദും ബീജമന്ത്രാം ദുരിതാമയഘ്നീം
ദുർഗ്ഗാസുരധ്വംസനതുഷ്ടചിത്താം
മേനാകുമാരീം മദനാരികാന്താം
ദുഃഖാർത്തിഹന്ത്രീം പ്രണമാമി ദുർഗ്ഗാം

ദും എന്ന ബീജാക്ഷരത്തോടുകൂടിയവളും രോഗമാകുന്ന ദുരിതങ്ങളെ ഇല്ലാതാക്കുന്നവളും ദുർഗ്ഗൻ എന്ന അസുരന്റെ നാശത്താൽ സന്തുഷ്ടചിത്തയായവളും മേനയുടെ പുത്രിയും ശിവന്റെ കാന്തയായവളും ദുഃഖമാകുന്ന ആപത്തിനെ നശിപ്പിക്കുന്നവളുമായ ദുർഗ്ഗയെ ഞാൻ പ്രണമിക്കുന്നു.

4. ദുർഗ്ഗഗിരേർമൂർധ്നി കൃതാധിവാസാം

ദുഃഖാതുരൈഃ പൂജിതപാദപത്മാം
ശ്വശ്രൂം സ്വപുത്രദ്വയദാരകാണാം
ദുഃഖാർത്തിഹന്ത്രീം പ്രണമാമി ദുർഗ്ഗാം

പ്രവേശിക്കാൻ പ്രയാസമേറിയ പർവ്വതശിഖരത്തിൽ താമസിക്കുന്നവളും സങ്കടത്തിൽപെട്ടവരാൽ പൂജിക്കപ്പെടുന്ന പാദപത്മങ്ങളോട്കൂടിയവളും സ്വപുത്രന്മാരുടെ ഭാര്യമാർക്ക് ശ്വശ്രുവായിട്ടുള്ളവളും (അമ്മായിയമ്മ) ദുഃഖമാകുന്ന ആപത്തിനെ നശിപ്പിക്കുന്നവളുമായ ദുർഗ്ഗയെ ഞാൻ പ്രണമിക്കുന്നു.

5. ഗായത്രിസിദ്ധസ്യ വിമുക്തിദാത്രീം
ഭക്തൈരുപാസ്യാം സകലാർത്ഥദാത്രീം
രവിപ്രഭാം ചന്ദ്രകലാവതംസാം
ദുഃഖാർത്തിഹന്ത്രീം പ്രണമാമി ദുർഗ്ഗാം.

ഗായത്രിസിദ്ധിവരുത്തിയവർക്ക് മോക്ഷം നൽകുന്നവളും ഭക്തന്മാരാൽ ഉപാസിക്കുവാൻ യോഗ്യയായിട്ടുള്ളവളും എല്ലാ സമ്പത്തിനെയും പ്രദാനം ചെയ്യുന്നവളും സൂര്യപ്രഭയുള്ളവളും ചന്ദ്രക്കലയെ ഭൂഷണമാക്കിയവളും ദുഃഖമാകുന്ന ആപത്തിനെ നശിപ്പിക്കുന്നവളുമായ ദുർഗ്ഗയെ ഞാൻ പ്രണമിക്കുന്നു.

6. യൈർബ്രഹ്മവിഷ്ണ്വീശമുനീന്ദ്രസംഘൈഃ
ശുംഭേ നിശുംഭേ നിഹതേ തദാനീം
ശർമ്മപ്രദാം സർവ്വജനൈഃ പ്രതുഷ്ടാം
ദുഃഖാർത്തിഹന്ത്രീം പ്രണമാമി ദുർഗ്ഗാം.

ശുംഭനിശുംഭന്മാർ കൊല്ലപ്പെട്ടപ്പോൾ ബ്രഹ്മാവ്, വിഷ്ണു, ശിവൻ മുനിശ്രേഷ്ഠന്മാർ, മറ്റു ഭക്തന്മാർ എന്നിവരെല്ലാവരാലും സന്തുഷ്ടയായവളും ശാന്തിയെ നല്കുന്നവളും ദുഃഖമാകുന്ന ആപത്തിനെ നശിപ്പിക്കുന്നവളുമായ ദുർഗ്ഗയെ ഞാൻ പ്രണമിക്കുന്നു.

7. നമോ നമസ്തേ ഭുവനൈകനാഥേ
നമോ നമസ്തേ കരുണാർദ്രചിത്തേ
മനോരഥാൻ പൂരയ നശ്ശിവേ ത്വാം
ദുഃഖാർത്തിഹന്ത്രീം പ്രണമാമി ദുർഗ്ഗാം.

ഭുവനത്തിന് ഏകനാഥയായിട്ടുള്ളവളേ നിനക്ക് നമ

സ്കാരം, കാരുണ്യംകൊണ്ട് അലിവാർന്ന ചിത്തത്തോടുകൂടിയവളേ നിനക്ക് നമസ്കാരം, ശിവേ ഞങ്ങളുടെ അഭിലാഷങ്ങളെ സഫലീകരിച്ചുതന്നാലും. ദുഃഖമാകുന്ന ആപത്തിനെ നശിപ്പിക്കുന്നവളുമായ ദുർഗ്ഗയെ ഞാൻ പ്രണമിക്കുന്നു.

8. മന്മാതരീശാനി മമാരിവർഗ്ഗം
വിനാശയസ്വാശു വിധേഹി നഃ ശ്രീം
ണാന്തം ത്വമേവാസ്യഹമസ്മി ദേവി
ദുഃഖാർത്തിഹന്ത്രീം പ്രണമാമി ദുർഗ്ഗാം.

എന്റെ അമ്മേ! ഈശാനി, എന്റെ ശത്രുവർഗ്ഗത്തെ വേഗം നശിപ്പിച്ചാലും. ഞങ്ങൾക്ക് സർവ്വൈശ്വര്യത്തേയും തന്നാലും. ജ്ഞാനം ലഭിച്ചാൽ നീ തന്നെയാകുന്നു ഞാൻ. ദേവീ, ദുഃഖമാകുന്ന ആപത്തിനെ നശിപ്പിക്കുന്നവളുമായ ദുർഗ്ഗയെ ഞാൻ പ്രണമിക്കുന്നു.

9. മന്ത്രാക്ഷരൈരെരഷ്ടഭിർയ്യുക്തപദ്യൈഃ
സ്തുത്വാ ഭവാനീം ഭവബന്ധമുക്ത്യൈ
ന്യൂനാതിരിക്തം യദി ശാസ്ത്രഭംഗം
സർവ്വം ഭവാന്യൈ ച സമർപ്പയാമി.

എട്ട് മന്ത്രാക്ഷരങ്ങളോടുകൂടിയ പദ്യത്താൽ സംസാരബന്ധവിമുക്തിക്കായി ഭവാനിയെ സ്തുതിച്ചിട്ട് കൂടുതലോ കുറവോ ആയി എന്തെങ്കിലും ശാസ്ത്രഭംഗം ഉണ്ടായിട്ടുണ്ടെങ്കിൽ അതെല്ലാം ഭവാനിക്കായിക്കൊണ്ട് സമർപ്പിക്കുന്നു.

10. ദുർഗ്ഗാഷ്ടകം ദുഃഖഹരം സദാ യേ
പഠന്തി ശൃണ്വന്തി നമന്തി തേഷാം
ആപദ്വിനാശം പുരുഷാർത്ഥസിദ്ധിം
കുരുഷ്വ മാതഃ കൃപയാ നമസ്തേ.

യാതൊരാളാണോ എല്ലായ്പ്പോഴും ദുഃഖത്തെ ഇല്ലാതാക്കുന്ന ഈ ദുർഗ്ഗാഷ്ടകത്തെ പഠിക്കുകയും കേൾക്കുകയും വണങ്ങുകയും ചെയ്യുന്നത് അവരുടെ ആപത്തുകളെ നശിപ്പിക്കുകയും പുരുഷാർത്ഥങ്ങളെ നേടിക്കൊടുക്കുകയും അമ്മേ ദയവുചെയ്ത് ചെയ്യണേ. നിനക്ക് നമസ്കാരം. ◘

# വനിതാസംവരണത്തിന്റെ ആത്മീയമാനം

സി.എം. കൃഷ്ണനുണ്ണി

സംസ്ഥാനത്തെ 21595 വാർഡുകളിൽ 71015 സ്ഥാനാർത്ഥികൾ ചേരികൾതിരിഞ്ഞ് നടത്തിയ ബാലറ്റ് യുദ്ധം അവസാനിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 50 ശതമാനം സീറ്റുകൾ വനിതകൾക്കായി സംവരണം ചെയ്യപ്പെട്ട അവസ്ഥയിൽ നടന്ന ഈ തിരഞ്ഞെടുപ്പിൽ ഏതാണ്ട് 35000ത്തോളം സ്ത്രീകൾ അങ്കക്കച്ചമുറുക്കി. സംസ്ഥാനത്തെ വോട്ടർമാരിൽ പകുതിയും സ്ത്രീകളായിരിക്കേ അവർക്ക് തദ്ദേശ ഭരണമേഖലയിൽ അർഹമായ പ്രാതിനിധ്യം ലഭിക്കുന്നത് തികച്ചും ഉചിതംതന്നെ. പക്ഷെ ഇത് നിലവിലുള്ള രാഷ്ട്രീയ-സാമൂഹ്യ-കുടുംബ വ്യവസ്ഥകളിൽ എന്തെല്ലാം മാറ്റങ്ങൾക്കിടയാക്കും എന്ന് കാലത്തിനുമാത്രമേ വ്യക്തമാക്കുവാനാവൂ.

വനിതാസംവരണം രാഷ്ട്രീയരംഗത്തേയ്ക്കുള്ള പുരുഷന്മാരുടെ കടന്നുവരവ് കുറയ്ക്കും. ഇപ്പോൾ രംഗത്തുള്ളവർതന്നെ കുറേ കൊഴിഞ്ഞുപോവാനാണ് സാധ്യത. രംഗത്ത് അവശേഷിക്കുന്ന പുരുഷന്മാർ ചിലരെങ്കിലും അവർക്ക് ലഭിക്കുന്ന ആദ്യത്തെ അവസരത്തിൽതന്നെ പരമാവധി നേട്ടം കൊയ്യുവാൻ തിടുക്കം കാണിച്ചാൽ അത്ഭുതമില്ല. അങ്ങിനെയായാൽ അഴിമതി പെരുകുകയാവും ഫലം. ഏതായാലും വനിതകളുടെ കൂടുതലായ രംഗപ്രവേശം മലീമസമായ രാഷ്ട്രീയരംഗത്ത് ആശാസ്യമായ ഒരു മാറ്റം സൃഷ്ടിക്കുവാനുള്ള സാധ്യത ഒരുക്കുന്നുണ്ട്. അത് പ്രയോജനപ്പെടുത്തപ്പെടുമോ എന്നതാണ് ചോദ്യം. ഭരണരംഗത്ത് സങ്കലനപരമായ മാറ്റം വന്നു എന്നുവെച്ച് രാഷ്ട്രീയരംഗത്തും ഭരണരംഗത്തും ഇടപെട്ട് മുതലെടുപ്പിനു ശ്രമിക്കുന്നവരുടെ ദുര കുറയുകയില്ലല്ലോ.

വനിതാ സ്ഥാനാർത്ഥികളെ കിട്ടാൻ പാടുപെട്ട രാഷ്ട്രീയകക്ഷികൾ പല വേലത്തരങ്ങളിലൂടെയും പിടിച്ചുകൊണ്ടുവന്ന് മൽസരിപ്പിച്ചവരിൽ കുറേ പേരാണ് ജയിച്ചെത്തിയിരിക്കുന്നത്. പൊതുപ്രവർത്തനപരിചയമോ രാഷ്ട്രീയപക്വതയോ മാനദണ്ഡമാക്കാതെ വിജയിപ്പിച്ചെടുക്കപ്പെട്ട ഇവർ ഭരണപരിചയം നേടിയെടുക്കു

ന്നതുവരെയുള്ള കാലയളവിൽ കേരളത്തിലെ തദ്ദേശ സ്വയംഭരണ രംഗം എത്രമാത്രം 'നിഴലിടപാടു'കൾക്ക് വേദിയാവുമെന്ന് കണ്ടറിയണം.

തിരഞ്ഞെടുപ്പ് പരിഷ്ക്കരണത്തിന്റെ ഭാഗമായി ആനുപാതിക പ്രാതിനിധ്യവ്യവസ്ഥയും ലിസ്റ്റ് സമ്പ്രദായവും ഏർപ്പെടുത്തുന്നതിനോടൊപ്പമായിരുന്നു വനിതാ സംവരണമെങ്കിൽ കൂടുതൽ ഉചിതമായിരുന്നു. അതുചെയ്യാതെ, ആണുങ്ങൾ പയറ്റുന്ന അതേ അടവുനയങ്ങൾ പയറ്റാൻ കുറേ സ്ത്രീകളെ നിയോഗിച്ചത് നിലവിലുള്ള കുടുംബവ്യവസ്ഥയെ ഉലയ്ക്കുമോ എന്ന സന്ദേഹം ഉയരാൻ കാരണമായിട്ടുണ്ട്. പലവ്യവസ്ഥകളും ഉടയ്ക്കപ്പെടുകയല്ലാതെ പകരം മെച്ചപ്പെട്ടവ ആവിഷ്ക്കരിക്കാൻ കഴിയാതെപോയ പശ്ചാത്തലത്തിൽ ഈ ഭീതി അസ്ഥാനത്താണെന്ന് പറയുകവയ്യ.

സ്ത്രീയെ അവളുടേതായ താൽപ്പര്യങ്ങളും സവിശേഷതകളും പുലർത്തിക്കൊണ്ട് വളരുവാനും ഇടപെടുവാനും പ്രാപ്തയാക്കുവാനുള്ള ശ്രമങ്ങളല്ല നടന്നുകാണുന്നത്. ഔദ്ധത്യത്തിന്റെ മാതൃകയാണ് വിമോചനം കാംക്ഷിക്കുന്ന അവളുടെ മുന്നിലിന്നുള്ളത്. ഈ വൈകൃതം അവൾക്ക് സമ്മാനിക്കുന്നത് ഹോർമോൺ തകരാറുകളും രോഗപീഡകളും കുടുംബശൈഥില്യവുമായാൽ അത്ഭുതമില്ല. എഫ്.എസ്സ്.എച്ചിൽ (ഫോളിക്കുലാർ സ്റ്റിമുലേറ്റിങ്ങ് ഹോർമോൺ) മാറ്റം വന്നും, എൽ.എച്ച് (ലൂട്ടിനൈസിങ് ഹോർമോൺ) താറുമാറായുമുള്ള സ്ത്രീപ്രജകൾക്ക് അടുക്കളയിൽ കയറാതിരുന്നതുകൊണ്ടും, അലക്കും വീടുവൃത്തിയാക്കലും ഭർത്താവ് നിർവഹിച്ചതുകൊണ്ടും സന്തുഷ്ടവും ആരോഗ്യകരവുമായ ജീവിതം സാദ്ധ്യമാവുകയില്ല. പെണ്ണിന് വരുന്ന അപചയം തലമുറകളുടെ ജീനുകളിൽ ഏൽപ്പിക്കാനിടയുള്ള വൈകല്യം നിസ്സാരമാവില്ല.

കേരള സർക്കാറിന്റെ സമ്പൂർണ്ണ കായികക്ഷമതാ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 93 ശതമാനം സ്ക്കൂളുകളിലെ 1090570 പെൺകുട്ടികളിൽ നടത്തിയ കായികക്ഷമതാപരിശോധനയിലെ കണ്ടെത്തലുകൾ ഞെട്ടിക്കുന്നതാണ്. 1000ത്തിൽ വെറും 2 പേർ മാത്രമാണ് പൂർണ്ണ ആരോഗ്യവതികൾ. പകുതി മാർക്ക് നേടാനായവർ വെറും 11 ശതമാനം പേർ മാത്രം. 11നും 16നും

ഇടയ്ക്ക് പ്രായമുള്ള വിദ്യാർത്ഥിനികളിൽ പകുതിയിലേറെ പേർക്ക് ഹൃദയാരോഗ്യമില്ല. പകുതിയിലേറെ പേർക്ക് മെയ്‌വഴക്കവും ഉദരപേശികൾക്ക് ബലവുമില്ല. 52 ശതമാനം പേർക്ക് വേണ്ടത്ര ശരീരഭാരമില്ല. ചിലർ അമിത ഭാരമുള്ളവരാണ്. 5മുതൽ 10വരെ ഓരോ ക്ലാസ് മുന്നോട്ട് പോകുമ്പോഴും പെൺകുട്ടികളുടെ കായികക്ഷമത പുറകോട്ടാണ് പോകുന്നത്. ഉണ്ണിയാർച്ചയുടെയും ഉമ്മിണിത്തങ്കയുടെയും പിൻതലമുറക്കാരുടെ അവസ്ഥയാണിത്.

സ്ത്രീത്വത്തിന്റെ സാന്നിദ്ധ്യവും ഇടപെടലുകളും സാമൂഹ്യ-ഭരണ രംഗങ്ങളിൽ കുടുംബങ്ങളിലെന്നതുപോലെ ഇന്ന് ഏറെ ആവശ്യമുണ്ട്. തേനീച്ചമുതൽ സിംഹംവരെയുള്ള ജീവിസമൂഹങ്ങളിൽ പെണ്ണിനാണ് പ്രാധാന്യമെന്നതുപോലെ സ്ത്രീകേന്ദ്രീകൃത ജനസമൂഹങ്ങൾ ഇവിടെയും ഉണ്ടായിരുന്നു. പുരുഷന്റെ വാരിയെല്ലുകൊണ്ടാണ് സ്ത്രീയെ സൃഷ്ടിച്ചതെന്ന വിചിത്ര വിശ്വാസം പുലർത്തുന്നവർക്ക് ചരിത്രഗതിയിൽ മേൽക്കോയ്മ ലഭിച്ചത് സ്ത്രീകൾ പിൻതള്ളപ്പെട്ടുപോവാൻ ഇടയാക്കിയ കാരണങ്ങളിൽ പ്രമുഖമാണ്. സ്ത്രീക്ക് യോജ്യമായ ഒരു വിധാനക്രമം അവൾ ഇടപെടുന്ന തൊഴിൽമേഖലമുതൽ പൊതുപ്രവർത്തന-ഭരണനിർവ്വഹണ മേഖലകൾവരെ അവൾക്കായി ഉണ്ടാവേണ്ടതുണ്ട്.

സ്ത്രീരൂപം സ്ത്രീത്വത്തിന്റെ സവിശേഷതകളോടെ സമൂഹത്തിലേക്ക് കടന്നുവന്നാൽ മാത്രമേ പ്രയോജനമുള്ളു. സ്ത്രീത്വഗുണങ്ങൾ സ്ത്രീരൂപങ്ങളിൽ മാത്രം ഒതുങ്ങുന്നതല്ല. വാത്സല്യം, സഹനം, സ്വരക്തത്തെപ്പോലും സ്തന്യമാക്കി നൽകാനുള്ള ആത്മസന്നദ്ധത എന്നീ സ്ത്രീത്വത്തിന്റെയും മാതൃത്വത്തിന്റെയും ഗുണങ്ങൾ സാമൂഹ്യപരിഷ്ക്കർത്താക്കൾക്ക് ഉണ്ടായിരുന്ന കാലത്താണ് പൊതുപ്രവർത്തനവും രാഷ്ട്രീയപ്രവർത്തനവും ആദരണീയമായിരുന്നത്. വിപ്ലവകാംക്ഷികളുടെ വീറും നൊമ്പരങ്ങളും സൂക്ഷ്മമായി അപഗ്രഥിച്ചാൽ സ്ത്രീയിലെ ഈ ഗുണങ്ങൾ അവരിലും കണ്ടെത്താൻ കഴിയും. ഗുരുനാഥന്മാരിലും ശിഷ്യസ്നേഹമായി വഴിഞ്ഞൊഴുകിപ്പോരുന്നതും ഇതുതന്നെ. ഈ ഗുണങ്ങൾക്കാണ് പ്രസക്തി.

പുരുഷനിൽ സ്ത്രീത്വാംശവും സ്ത്രീയിൽ പുരുഷാംശവുമുണ്ട്. ഇവ ഓരോരുത്തരിലും സമഞ്ജസമായിരിക്കണം. ഈ അഭിവിന്യാസത്തിലൂടെ മാത്രമേ ഒന്നിന്റെ ഔദ്ധത്യം മറ്റേതുകൊണ്ട് സമീകരിച്ച് സംതൃപ്തജീവിതം സാദ്ധ്യമാക്കാനാവുകയുള്ളു. വ്യക്തിയിലെന്നപോലെ കുടുംബത്തിലും സമൂഹത്തിലും ഈ സ്ത്രീപുരുഷ ഗുണങ്ങളുടെ സമവായം അതാതിന്റെ ഭദ്രമായ നിലനിൽപ്പിനും ക്ഷേമത്തിനും ആവശ്യമാണ്. ശിവപാർവ്വതിമാരെയും അർദ്ധനാരീശ്വരനെയും ലക്ഷ്മീനാരായണനെയും രാധാകൃഷ്ണനെയും സീതാരാമനെയും ശ്രീവള്ളീസമേതമുരുകനെയും പൂർണ്ണാ പുഷ്ക്കലാ സമേതനായ അയ്യപ്പനെയും ലക്ഷ്മീസമേതഗണപതിയേയും എന്തിനേറെ ലക്ഷ്മീനരസിംഹമൂർത്തിയെയും ആരാധനക്കായി നമ്മുടെ മുന്നിലേക്കു നൽകിയ പൂർവ്വീകർ വ്യക്തിത്വവികാസത്തിനും ക്ഷേമജീവിതത്തിനുമുള്ള സൂത്രമാണ് ഇതുവഴി അവതരിപ്പിച്ചത്.

സ്ത്രീക്ക് അവളുടെ നൈസർഗ്ഗിക ചോദനകൾ അനുസരിച്ച് ജീവിക്കുവാനും പ്രവർത്തിക്കുവാനുമുള്ള സാഹചര്യമാണ് ഒരുങ്ങേണ്ടിയിരിക്കുന്നത്. ശ്രീ ലളിതാ പരമേശ്വരി തന്റെ വരന്ന് ഉണ്ടായിരിക്കേണ്ട യോഗ്യത വ്യക്തമാക്കുന്ന ഒരു ശ്ളോകം 'ലളിതോപാഖ്യാന'ത്തിൽ കാണാം (10-2): 'സ്വതന്ത്രാഹം സദാ ദേവാ:! സ്വേച്ഛാചാരവിഹാരിണി മമാനുരൂപചരിതോ ഭവിതാ തു മമ പ്രിയഃ'. (സ്വന്തം ഇച്ഛ അനുസരിച്ച് മാത്രം ആചരിക്കുകയും വിഹരിക്കുകയും ചെയ്യുന്ന സ്വതന്ത്രയായ തനിക്ക് അപ്രകാരം തന്നെ ചെയ്യുന്ന പുരുഷനാണ് അനുരൂപനാവുക). ഇതാണ് യഥാർത്ഥ ഭാരതീയ വീക്ഷണം. കാലാന്തരത്തിൽ നിയന്ത്രണാതീതമായ കാരണങ്ങളാൽ ഇതിന്ന് വൈകല്യം വന്നു എന്നതാണ് വാസ്തവം.

സ്ത്രീത്വത്തെ അവമതിക്കാത്ത പുരുഷത്വവും പുരുഷത്വത്തെ അവമതിക്കാത്ത സ്ത്രീത്വവും പരസ്പര പൂരകവും പരസ്പര അവലംബവുമായി വ്യക്തികളിലും സമൂഹത്തിലും സമഞ്ജസിക്കുന്ന ഒരവസ്ഥയാണ് അഭികാമ്യം. അതിന്നു യോജിക്കുന്ന സാമൂഹ്യഘടനയും സാമ്പത്തികവ്യവസ്ഥയും പെരുമാറ്റസംഹിതകളും രുപപ്പെടേണ്ടിയിരിക്കുന്നു. ക്ഷേമരാഷ്ട്രത്തിന്റെ അടിസ്ഥാനതത്വം സ്ത്രീപുരുഷഗുണങ്ങളുടെ സാമഞ്ജസ്യമാണ്. ◘

# മനസ്സിന്റെ പ്രവർത്തനം ഭാരതീയ ഋഷിമാരുടെ ദൃഷ്ടിയിൽ

എൽ. ഗിരീഷ്കുമാർ

## മനഃ

ചില വസ്തുക്കളെ വിഭാവനം ചെയ്യാനും (imagine) മനസ്സുകൊണ്ട് കണ്ട് സങ്കല്പിക്കുവാനും (visualize) നമ്മളെ സഹായിക്കുന്ന മനസ്സിന്റെ (mind) മൂന്നാമത്തെ അറയാണ് മനഃ എന്നത്. മനസ്സുകൊണ്ട് കണ്ട് സങ്കല്പിക്കുവാനുള്ള മനസ്സിന്റെ ഈ നാലാം ഭാഗം ഉണ്ടാവുക എന്നത് വളരെ പ്രധാനമായ കാര്യമാണ്. സ്വപ്നം കാണുന്ന ഒരു മനസ്സ് ഉണ്ടായിരിക്കുക എന്നത് അത്യാവശ്യമാണെന്ന് ആൽബർട്ട് ഐൻസ്റ്റീൻ ജീവിതത്തിലൊരിക്കൽ പറയുകയുണ്ടായി. സ്വപ്നങ്ങളെല്ലാം സാക്ഷാൽക്കരിക്കപ്പെട്ടണെന്നില്ല. പക്ഷേ, സ്വപ്നം കാണുക എന്നത് വളരെ പ്രധാനമാണ്. സ്വപ്നം കാണുന്ന മനസ്സ് സങ്കല്പിക്കുന്ന (visualizing mind) മനസ്സാണ്. നമുക്ക് സ്വപ്നം കാണുവാൻ സാധിക്കുന്നില്ലെങ്കിൽ നമുക്ക് ഒന്നും ചെയ്യുവാനും സാധിക്കുകയില്ല. പകൽ സ്വപ്നം കാണുക എന്നതാണ് പ്രധാനം. മിക്ക ശാസ്ത്രജ്ഞരും നിർമ്മാതാക്കളും പകൽ സ്വപ്നം കാണുന്നവരായതുകൊണ്ടാണ് പല പ്രധാനപ്പെട്ട കണ്ടുപിടുത്തങ്ങളുമുണ്ടായത്. പകൽസ്വപ്നംപോലെ മനസ്സുകൊണ്ട് കണ്ട് സങ്കല്പിക്കലും (visualization) വളരെ പ്രധാനമാണ്. പക്ഷേ, ഈ സങ്കല്പനം തെറ്റായ രീതിയിലാണ് ചെയ്യുന്നതെങ്കിൽ നമ്മുടെ ജീവിതം ദുഃഖപൂർണ്ണമാകും. ഉദാഹരണത്തിന് ഒരാൾ ഒരു സന്ദർഭത്തിൽ ഒരു പ്രസ്താവന നടത്തിയെന്ന് വിചാരിയ്ക്കുക. ആ പ്രസ്താവനയെ നമ്മൾ വേണ്ടവിധം കൈകാര്യം ചെയ്യാതിരുന്നതുകൊണ്ട് അത് നമ്മുടെ ഓർമ്മയിൽ സൂക്ഷിച്ചിരുന്നു. അത് നമ്മുടെ ഓർമ്മയിലുള്ളതുകൊണ്ട് പണിയൊന്നുമില്ലാതെ നമ്മൾ വെറുതെയിരിക്കുന്ന സന്ദർഭത്തിൽ ആ പ്രസ്താവനയിലെ വാക്കുകൾ എടുത്തുകൊണ്ട് വെറുതെ കളിക്കും. ആ പ്രസ്താവനയിലെ ഈ വാക്കുകൊണ്ട് അയാൾ ഉദ്ദേശിച്ചത് ഇതായിരിക്കും അല്ലെങ്കിൽ അതായിരിക്കും

എന്നെല്ലാം ചിന്തിച്ചുകൊണ്ട് അയാൾ പറഞ്ഞ വാക്കുകൾക്ക് ഓരോ അർത്ഥങ്ങൾ നമ്മൾ കൊടുക്കും. നമ്മൾ ആ സന്ദർഭത്തെ വിഭാവനചെയ്തുകൊണ്ടും ഊതിവീർപ്പിച്ചുകൊണ്ടും യാഥാർത്ഥ്യത്തിൽനിന്ന് വളരെവളരെ അകലെ ആ പ്രസ്താവനയെ എത്തിക്കും. വഴിതെറ്റിയ വിഭാവനകളാണ് എല്ലാ പ്രശ്നങ്ങൾക്കും കാരണം. ഒരിക്കലും നടന്നിട്ടില്ലാത്ത കാര്യത്തെ ഇത്തരം മനസ്സുകൾ വിഭാവനം (imaginative mind) ചെയ്യുന്നു. ശരിക്കും കൈകാര്യം ചെയ്യപ്പെടാത്ത ഓർമ്മകൾ വിഭാവനം ചെയ്യുന്ന മനസ്സുമായി കൂടിചേർന്ന് കാര്യങ്ങളെ പർവ്വതീകരിച്ച് വളരെ മോശമായ സ്ഥിതിവിശേഷത്തിലേയ്ക്ക് എത്തിക്കുന്നു. അത് ഒരു നെഗറ്റീവ് സ്ഥിതിവേശേഷമായിതീരുന്നു. വാക്കുകൾക്ക് അനാവശ്യാർത്ഥങ്ങളെ ആരോപിക്കുന്നവരെ ആധുനികശാസ്ത്രം വികാരജീവികളെന്നാണ് പറയുന്നത്. നമ്മളൊരിക്കലും പറയാത്ത അർത്ഥങ്ങളാണ് ഇവർ നമ്മുടെ വാക്കുകളിൽ ആരോപിക്കുക എന്നതുകൊണ്ട് ഇവരെ സൂക്ഷിച്ച് കൈകാര്യം ചെയ്യണം. നമ്മൾ ഉദ്ദേശിക്കാത്ത അർത്ഥങ്ങൾ നമ്മുടെ വാക്കുകളിൽ നൽകുന്ന ഇവർ ഇമാജിനേറ്റീവ് മനസ്സുള്ളവരാണ്. അടുത്ത തവണ അയാൾ നമ്മളെ കാണുമ്പോൾ അയാൾ മനസ്സിലാക്കിയ അർത്ഥം വച്ചായിരിക്കും നമ്മളോട് പെരുമാറുക. ഒരാളെ ശരിക്കും മനസ്സിലാക്കാതെ നമ്മൾ ഭാവനയിൽ മെനഞ്ഞെടുത്ത അർത്ഥങ്ങൾ വാക്കുകളിൽ ആരോപിച്ച് പെരുമാറുമ്പോൾ അത് വളരെയധികം പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. അതുകൊണ്ട് ഭാവനയെ വേണ്ടവിധം കൈകാര്യം ചെയ്യണം. imagination ആവശ്യമാണ്. കവികളും ശാസ്ത്രജ്ഞരും ഭാവന നടത്തിയിട്ടുണ്ട്. അങ്ങനെയാണ് പല കണ്ടുപിടുത്തങ്ങളും ഉണ്ടായിട്ടുള്ളത്. ഭാവന (imagine) ചെയ്താൽ പോരാ എന്ന് നമ്മുടെ ഋഷിമാർ പറയുന്നു. പകരം visualize ചെയ്യണം എന്നാണ് അവർ പറയുന്നത്. വിഭാവനം ചെയ്യലും (imagination) മനസ്സുകൊണ്ട് കണ്ട് സങ്കല്പിക്കലും (visualization) മനസ്സിന്റെ തന്നെ രണ്ടുവശങ്ങളാണ്. പക്ഷേ, രണ്ടും തമ്മിൽ വ്യത്യാസമുണ്ട്. ഇമാജിനേഷേൻ ബീജഗണിത (algebric) രൂപത്തിലാണ് ഒന്നിനുശേഷം മറ്റൊന്നായി ഭാവനചെയ്യുകയാണതിൽ. വിഷലൈസേഷൻ കാണലാണ്. ഇത് ജ്യാമിതി (geo-

metric) രൂപത്തിലാണ്. സംഭവങ്ങളെ സമഗ്രമായി കാണുന്നതാണ് വിഷ്വലൈസേഷൻ. ഇമാജിനേഷൻ വാക്കിന്റെ രൂപത്തിൽ ഒന്നിനു പുറകെ ഒന്നായിട്ടാണ്. നമ്മൾ എല്ലാവരും പരിശീലനം നേടിയിരിക്കുന്നത് അത്തരത്തിലാണ്. നമ്മൾ ചിന്തിക്കുന്നതും അപ്രകാരമാണ്. നമ്മുടെ ഇത്തരത്തിലുള്ള (ബീജഗണിതരൂപത്തിലുള്ള) ചിന്തകളെല്ലാം മസ്തിഷ്കത്തിന്റെ ഇടതുവശംകൊണ്ടാണ് ചെയ്യുന്നത്. ക്ഷേത്രഗണിത (geometric) രൂപത്തിലുള്ള ചിന്ത നമ്മൾ നടത്തുന്നത് മസ്തിഷ്കത്തിന്റെ വലതുവശംകൊണ്ടാണ്. തലച്ചോറിന്റെ വലതുവശംകൊണ്ട് ചെയ്യുന്നതും ക്ഷേത്രഗണിതരൂപത്തിലുള്ളതുമായ ചിന്തകളാണ് പ്രധാനം. ചില ആധുനിക മനശ്ശാസ്ത്രജ്ഞരുടെ അഭിപ്രായം രാവിലെയുള്ള സ്വപ്നങ്ങൾ സത്യമായി തീരുമെന്നാണ്. കാരണം ആ സമയത്തുള്ള മസ്തിഷ്കത്തിന്റെ വലതുവശംകൊണ്ടുള്ള പ്രവർത്തനമാണ്. അതുകൊണ്ട് യാതൊന്നെല്ലാമാണോ നമ്മൾ തലച്ചോറിന്റെ വലതു വശംകൊണ്ട് ചിന്തിക്കുന്നതും വിഷ്വലൈസ് ചെയ്യുന്നത് അതെല്ലാം സത്യമായിതീരും. ഈ വഴിക്കുള്ള ഗവേഷണം ഇന്ത്യയിൽ നടന്നുവരുന്നു. വിദേശലോകവും ഈ രീതി അവലംബിച്ചിട്ടുണ്ട്. അവർ ഇതിന് ഒരു ഉപായം ആവിഷ്കരിച്ചിട്ടുണ്ട്. അവർ ഇതിനെ creative visualization എന്നാണ് പറയുന്നത്. ഈ ഉപായത്തിലൂടെ നമുക്ക് എന്തു വേണമെങ്കിലും ഏകദേശം സഫലമാക്കാം. നമുക്ക് എന്തെങ്കിലും സത്യമായി തീരണമെന്നുണ്ടെങ്കിൽ അത് ഇതിലൂടെ സാധിക്കും. മനസ്സിന്റെ ശക്തിയെ പിടിച്ചെടുക്കുകയാണ് പതിവ്. മനസ്സിനെ ബോധമനസ്സ് എന്നും ഉപബോധമനസ്സ് എന്നും രണ്ടായി വിഭജിച്ചിരിക്കുകയാണ്. നമ്മുടെ ഉപബോധമനസ്സിന് ഉള്ളിൽ സജീവമല്ലാതെ ഉറങ്ങിക്കിടക്കുന്ന വളരെ വലിയ ശക്തിയുണ്ട്. അതിനെ ഉണർത്തുക, അതിനോട് നമ്മുടെ ആഗ്രഹം സഫലമാക്കി തരുവാൻ പ്രാർത്ഥിക്കുക, ആഗ്രഹം സഫലമായതായി കുറച്ചുനേരം കാണുക, ആഗ്രഹസാഫല്യം അനുഭവപ്പെടുന്നതായി കാണുക, അതിനുശേഷം ഉപബോധമനസ്സിന്റെ ആ ശക്തിയോട് നന്ദി പറയുക. അതുകൊണ്ട് ഉപബോധമനസ്സിനെ എങ്ങനെയാണ് ഉണർത്തുക എന്ന് നാം അറിയേണ്ടതുണ്ട്. മനസ്സ് ഒരു ഗുഹയായി (visual-

ize) കാണുക. അതിനുശേഷം ആ ഗുഹയുടെ ഏറ്റവും ഉള്ളിലേയ്ക്ക് സ്വയം പോകുന്നതായി കാണുക. ഉള്ളിൽ എത്തിയാൽ ഉപബോധ മനസ്സിനെ ഒരു പേര് പറഞ്ഞ് വിളിക്കണം. നമുക്ക് ഇഷ്ടമുള്ള ഏതു പേരും ഉപയോഗിക്കാം. ഉദാഹരണത്തിന് രാമ എന്ന പേര് എടുക്കാം. ഉപബോധമനസ്സിന് ആ പേരാണെന്ന് സങ്കല്പിച്ച് ഒരു ശാന്തമായ സ്ഥലത്ത് ഇരുന്ന് കണ്ണുകൾ അടയ്ക്കുക. അതിനുശേഷം മനസ്സിനെ ഗുഹയായി കണ്ടുകൊണ്ട് നമ്മുടെ ഉപബോധമനസ്സിനെ രാമ, രാമ എന്നു വിളിക്കുക. ഓരോ പ്രാവശ്യവും ഈ വിളി ആഴത്തിൽ പോകണം. രാമനെന്ന ഉപബോധമനസ്സ് ഉറങ്ങുന്നതായി കാണണം (visualize). imagine ചെയ്താൽ പോരാ. മനസ്സുകൊണ്ട് സ്വയം കാണുന്നതായി സങ്കല്പിക്കണം. നമ്മുടെ വിളി കേട്ട് രാമനെന്ന നമ്മുടെ ഉപബോധമനസ്സ് ഉണരുന്നതായി കാണുക. എന്നിട്ട് പ്രാർത്ഥിക്കണം. നമുക്ക് പുതിയ മോഡൽ കാർ വേണമെന്ന് കരുതുക. നമുക്ക് രാമനെന്ന ഈ ഉപബോധമനസ്സിനോടത് ചോദിക്കാം. രാമ, രാമ ചുവന്ന നിറമുള്ള പുതിയ മോഡൽ കാർ തരു എന്ന് ചോദിക്കാം. അടുത്ത നിമിഷം നമ്മുടെ രാമനെന്ന ഉപബോധമനസ്സ് നമുക്ക് ആ കാർ തരുന്നതായി നമ്മൾ കാണണം. കാർ നമുക്കുള്ളതായി കാണുക. എന്നിട്ട് അനുഭവിക്കുക. എങ്ങനെയെന്നാൽ ആ കാറിന്റെ ഡോർ തുറക്കുന്നതായും അങ്ങനെ ആ കാറിൽ സഞ്ചരിക്കുന്നതായും ഗതാഗതകുരുക്കിൽ പെടുന്നതായും നാം അനുഭവിക്കുന്നതായി കാണുക. ഇങ്ങനെ പത്തു മിനിറ്റ് എല്ലാം അനുഭവിക്കുന്നതായി കാണുക അതിനുശേഷം കാറിൽനിന്ന് ഇറങ്ങുന്നതായി കാണുക. എന്നിട്ട് നമ്മുടെ ആഗ്രഹം സഫലമാക്കി തന്നതിന് രാമ, എന്റെ ആഗ്രഹം സഫലമാക്കിത്തന്നതിന് നന്ദി എന്നു പറയുക. അതിനുശേഷം എങ്ങനെയാണോ ഗുഹയിലേക്ക് കയറിയത് അതുപോലെ അവിടെനിന്ന് പതുക്കെപതുക്കെ സ്വയം പുറത്തേയ്ക്ക് ഇറങ്ങുന്നതായി കാണുക. ഇപ്രകാരം കുറച്ചുനേരം ചെയ്യുക. രാമനെന്ന ആ ഉപബോധമനസ്സ് ഉറക്കത്തിലേയ്ക്ക് തിരിച്ചുപോകുന്നതായും കാണുക. അപ്പോൾ അത് സത്യമായി തീരും. എന്തു വേണമെങ്കിലും നിങ്ങൾക്ക് ആഗ്രഹിക്കാം. പക്ഷേ, അനന്തരഫലങ്ങൾ നമ്മൾതന്നെ വഹിക്കേണ്ടി വരും. ആഗ്രഹങ്ങളെ ▸▸

▸▸ തിരഞ്ഞെടുക്കുവാൻ നമുക്ക് സ്വാതന്ത്ര്യമുണ്ടെന്നതു പോലെ ആഗ്രഹങ്ങൾ സാധിച്ചാൽ ഓരോ ആഗ്രഹസാഫല്യത്തിന്റെയും അനന്തരഫലങ്ങളിൽ നമുക്ക് ഉത്തരവാദിത്വവുമുണ്ട്. അതുകൊണ്ട് ആഗ്രഹിക്കുമ്പോൾ നമ്മൾ ശ്രദ്ധിക്കണം. മാത്രമല്ല, ആഗ്രഹങ്ങളെ കൈകാര്യം ചെയ്യാനുള്ള കഴിവും നമുക്ക് വേണം. നമുക്ക് ആഗ്രഹങ്ങളെ എങ്ങനെ കൈകാര്യം ചെയ്യാൻ സാധിക്കും. അതുപോലെ ആഗ്രഹമാണോ അല്ലയോ എന്ന് നമുക്ക് എങ്ങനെ പറയാൻ സാധിക്കും? ഇത് രണ്ടും സാധിക്കുക നമ്മുടെ ബുദ്ധി ശരിയായ രീതിയിൽ പ്രവർത്തിച്ചാൽ മാത്രമാണ്. നോക്കു ഇതെല്ലാം എങ്ങനെ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു എന്ന്. ഒരു ആരോഗ്യമുള്ള മനസ്സിനും ഒരു ആരോഗ്യപരവും സന്തോഷപ്രദവുമായ ജീവിതത്തിനും ഇതെല്ലാം അതിന്റേതായ ശരിയായ രീതിയിലായിരിക്കണം പ്രവർത്തിക്കേണ്ടത്. വിഷലൈസേഷന് വളരെ ശക്തിയുണ്ട്. ഏത് ആഗ്രഹവും ഇതിലൂടെ നമുക്ക് സഫലമാക്കാൻ സാധിക്കും. ഒരു ആഗ്രഹവും നല്ലതുമല്ല ചീത്തയുമല്ല. പക്ഷേ, അനന്തരഫലങ്ങൾ നമ്മൾ തന്നെ വഹിക്കേണ്ടിവരും. ഇത് പറഞ്ഞുതന്നാൾ ഒന്നുംതന്നെ ഏറ്റെടുക്കുകയില്ല. വഴി കാണിച്ചു തന്നു എന്നു മാത്രം. അതിലൂടെ പോകണമോ വേണ്ടയോ എന്ന് തീരുമാനിക്കുന്നത് നമ്മളാണ്. ഇത് ശരിയാണ് എന്ന് നമുക്ക് തോന്നിയതുകൊണ്ടാണ് നമ്മൾ ഇത് സ്വീകരിച്ചത്. അതുകൊണ്ട് അനന്തരഫലങ്ങളുടെ അവകാശികളും നമ്മളാണ്. നമ്മൾ സ്വതന്ത്രമായി ശരിയെന്ന് തോന്നിയതുകൊണ്ട് തിരഞ്ഞെടുത്ത വഴിയിലൂടെ പോകുമ്പോൾ എല്ലാ അനന്തരഫലങ്ങളും നമ്മൾ തന്നെ ഏറ്റെടുക്കണം. അതല്ലാതെ വഴി കാട്ടി തന്നാൾ ഏറ്റെടുക്കയില്ല. ഇതാണ് യഥാർത്ഥ ഭാരതീയൻ. ഉത്തരവാദിത്വം വ്യക്തിയുടെതാണ്. നമ്മളെല്ലാം ഇത് മറക്കുന്നു. നമ്മൾ സമൂഹത്തിന്റെ ഒരു ഭാഗമാകാൻ ആഗ്രഹിക്കുന്നു. വ്യക്തിയാകുവാൻ ആഗ്രഹിക്കുന്നില്ല. നമ്മൾ നമ്മുടേതായ അഭിപ്രായത്തിലും നിലപാടിലും നിൽക്കുന്നില്ല. നമ്മൾ ഭരിക്കപ്പെടുന്നവരായി തീരാൻ ആഗ്രഹിക്കുന്നതോടൊപ്പം നമ്മൾ സ്വയമാണ് ഇത് തിരഞ്ഞെടുത്തത് തോന്നിപ്പിക്കുവാൻ നോക്കുന്നു. ലാറ്റിൻ പഴമൊഴി പറയുന്നു “ലോകം വഞ്ചിക്കപ്പെടുവാൻ ആഗ്രഹി

ക്കുന്നു” എന്ന്. ഇതാണ് ലോകം. ലോകം വഞ്ചിക്കപ്പെടുവാൻ ആഗ്രഹിക്കുകയും വഞ്ചിക്കപ്പെട്ടതിന് പരാതിപ്പെടുകയും ചെയ്യുന്നു. നമ്മൾതന്നെ അതിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കണം. ഇതാണ് ഇന്ത്യൻ സംസ്കാരം. നിങ്ങളുടെ ജീവിതത്തിന് നിങ്ങളാണ് ഉത്തരവാദി. എല്ലാറ്റിനും ഉത്തരവാദി പറഞ്ഞുതരുന്ന ആളല്ല. ഈ ഇന്ത്യൻ സംസ്കാരം ശരിയായി പഠിക്കുകയാണെങ്കിൽ അത് ഒരാളെ സ്വതന്ത്രനും വ്യക്തിയും ആക്കി മാറ്റും. അല്ലാതെ യഥാർത്ഥമല്ലാത്ത വ്യക്തിയോ സ്വതന്ത്രനോ ആവുകയില്ല. യഥാർത്ഥ സ്വതന്ത്രനും വ്യക്തിയും ആകുവാൻ സാധിക്കും. മിക്കവർക്കും ഇതൊന്നും ഇഷ്ടമല്ല. ഒരു ആരോഗ്യമുള്ള വ്യക്തിയാവാൻ ഇഷ്ടപ്പെടുന്നില്ല. പരാശ്രയരാകുവാനാണ് നമുക്ക് ആഗ്രഹം. മാത്രമല്ല, മറ്റുള്ളവരാൽ സംരക്ഷിക്കപ്പെടുവാനും ആഗ്രഹിക്കുന്നു. പക്ഷേ, ഇതല്ല ഇന്ത്യൻ സംസ്കാരം. ഇന്ത്യൻ സംസ്കാരം ശരിയായ വിധം പഠിക്കുകയാണെങ്കിൽ സ്വയം ഉത്തരവാദിത്വം ഏറ്റെടുത്ത് മുന്നോട്ടു പോകുവാനും അതുവഴി നമ്മൾ സ്വതന്ത്രരുമാകുന്നു. ഈ സംസ്കാരം പഠിക്കണമെന്നുണ്ടെങ്കിൽ സംസ്കൃതഭാഷ പഠിക്കണം. ഒരാൾ ഈ ഭാഷ പഠിക്കുവാൻ തുനിയുന്നത് ഈ സംസ്കാരം മനസ്സിലാക്കുവാൻ വേണ്ടിയാണ്. ഈ സംസ്കാരം മനസ്സിലാക്കുന്നതോ സ്വതന്ത്രരാകുവാനാണ്. കാരണം എല്ലാവരുടേയും ഉള്ളിൽ സ്വതന്ത്രരാകുവാനുള്ള ആഗ്രഹമുണ്ട്. പക്ഷേ, ഇപ്പോൾ നമ്മുടെ വിദ്യാഭ്യാസം നമ്മളെ സ്വതന്ത്രരാക്കുന്നില്ല. ഇന്നത്തെ വിദ്യാഭ്യാസം ടീച്ചർ പറയുന്നത് ശ്രദ്ധിക്കുവാനാണ് നമ്മളെ പഠിപ്പിക്കുന്നത്. നല്ല വിദ്യാർത്ഥികൾ എന്നു വിശേഷിപ്പിക്കപ്പെടുന്നവരായവർ ടീച്ചറെ അനുസരിക്കുന്നു. ആരെയെങ്കിലും അനുസരിക്കുന്നവരായവരുടെ വ്യക്തിത്വംകൊണ്ട് യാതൊരു ഉപയോഗവുമില്ല. സ്കൂളിലെ ആദ്യ ദിവസം മുതൽ നമ്മുടെ വ്യക്തിപരമായ അഭിപ്രായപ്രകടനങ്ങൾക്കൊന്നും പ്രാധാന്യമില്ല. എന്നുതന്നെയുമല്ല നമ്മളെ അനുസരിപ്പിക്കുവാനും വരിയിൽ നിർത്തുവാനുമാണ് പഠിപ്പിക്കുന്നത്. ലോകത്ത് എവിടെ പോയാലും നമുക്ക് ക്യൂ നിൽക്കുന്നത് കാണാം. വരിവരിയായി നിൽക്കുന്നത് ഒരു പരിധിവരെ നല്ലതാണ്. എന്നാൽ താത്ത്വികമായി ക്യൂ ആയി നിൽക്കുന്നത് നല്ല

▸▸ തല്ല. അതുകൊണ്ട് നമുക്ക് ശരിയായ വിദ്യാഭ്യാസം കിട്ടുന്നില്ല. നമുക്ക് കിട്ടുന്നത് സൂചനകളും സാങ്കേതിക അറിവുകളും മാത്രമാണ്. ശരിയായ വിദ്യാഭ്യാസമല്ല ഇന്നതേത്. ശരിയായ വിദ്യാഭ്യാസം ഒരാളെ സ്വതന്ത്രനും വ്യക്തിയുമാക്കി തീർക്കും. വളരെയധികം പേർക്കും അത് വേണ്ട. അതുകൊണ്ടാണ് ചട്ടകൂടിന്റെ രൂപത്തി ലുള്ള (cult) ഗുരുക്കന്മാരുണ്ടായത്. അവർ ഓരോരോ ഗ്രൂപ്പുകളായി വർത്തിക്കുകയും ശിഷ്യന്മാരോട് മറ്റു ഗ്രൂപ്പികളിലേയ്ക്ക് പോകരുത് എന്ന് പ്രസ്താവനകളിറ ക്കുകയും ആജ്ഞാപിക്കുകയും ചെയ്യുന്നു. തന്റെ ശിഷ്യൻ മറ്റൊരു ഗുരുവിന്റെ അടുത്ത് പോയല്ലോ ആ ഗുരുവാണ് തന്നേക്കാൾ നല്ലത് എന്ന് തോന്നിയല്ലോ. ഒരു കസ്റ്റമറെ (പറ്റ് വരവുകാരൻ) നഷ്ടപ്പെട്ടതായി ഗുരു വിന് അനുഭവപ്പെടും. കാരണം ഇക്കാലത്ത് ശിഷ്യനെ ഗുരുവിന്റെ കസ്റ്റമറായിട്ടാണ് കണക്കാക്കുന്നത്. അതി നും ഒരു കാരണമുണ്ട്. ഗുരുവിന് ചിലചില സന്ദർഭങ്ങ ളിൽ ഗുരുദക്ഷിണാരൂപത്തിൽ പണം കിട്ടും. അതു കൊണ്ട് ഗുരുക്കന്മാർ ഇന്നത്തെ കാലത്ത് പരാദങ്ങളാ ണ്. അതുപോലെ ശിഷ്യന്മാരും പരാദങ്ങളാണ്. ആർക്കും സ്വതന്ത്രരാകുവാൻ ആഗ്രഹമില്ല. സ്വതന്ത്രരാ കണമെങ്കിൽ പ്രചോദിതമായ ബുദ്ധിയുള്ളവരായിത്തീ രണം. ബുദ്ധി പ്രചോദിതമാകണമെങ്കിലോ നമുക്ക് ശരിയായ ഓർമ്മ വേണം. അതുപോലെ ശരിയായി വിഷ്വ ലൈസ് ചെയ്യാനുള്ള മനസ്സും വേണം. ഇതെല്ലാം ഒരു നല്ല ജീവിതത്തിന് അനുപേക്ഷണിയങ്ങളാകുന്നു. അതു കൊണ്ട് വിഷ്വലൈസേഷൻ വളരെ പ്രധാനപ്പെട്ടതാകു ന്നു. ആഗ്രഹിച്ചകാര്യം ഇതിലൂടെ സാധിതപ്രായമാക്കു വാൻ നമുക്ക് സാധിക്കും. പോസിറ്റീവായി വിഷ്വലൈസ് ചെയ്താൽ അത് സന്തോഷവാന്മാരാക്കും. അതുപോല ത്തന്നെ നെഗറ്റീവായി ഇതിനെ ഉപയോഗിച്ചാലോ ന മ്മുടെ ജീവിതത്തെ ഇത് പ്രയാസമുള്ളതാക്കിയും മാറ്റും. വിഷ്വലൈസേഷന് അത്രകണ്ട് രഹസ്യശക്തിയുണ്ട്. വിഷ്വലൈസേഷൻ പോസിറ്റീവ് ചിന്തകളുമായി ബന്ധ പ്പെട്ടതാണ്. പലരും നെഗറ്റീവായിട്ടാണ് വിഷ്വലൈ സേഷൻ നടത്താറുള്ളത്. നെഗറ്റീവായി വിഷ്വലൈസ് ചെയ്താൽ നമ്മൾ നെഗറ്റീവായ കാര്യങ്ങളെ ആകർഷി ക്കും. പ്രകാശം ആകർഷിക്കുന്നതുപോലെ. അതു

കൊണ്ട് എനിക്ക് ശത്രുക്കളൊന്നും ഉണ്ടാവരുതേ എന്ന് നമ്മൾ ചിന്തിക്കരുത്. പകരം എനിക്ക് ധാരാളം സുഹൃത്തുക്കൾ ഉണ്ടാവണേ എന്നാവണം നമ്മുടെ ചിന്ത. എനിക്ക് ശത്രുക്കളൊന്നും ഉണ്ടാവരുതേ എന്ന ചിന്ത നെഗറ്റീവാണ്. അതേസമയം എല്ലാവരും എന്റെ സുഹൃത്തുക്കളാകണേ എന്നത് പോസിറ്റീവ് ചിന്തയാണ്. പോസിറ്റീവ് ചിന്ത പോസിറ്റീവിനേയും നെഗറ്റീവ് ചിന്ത നെഗറ്റീവിനേയും ആകർഷിക്കും. അതുകൊണ്ടാണ് ഭഗവദ്ഗീതയിൽ കൃഷ്ണൻ അർജുനനെ എല്ലാ പോസിറ്റീവ് പേരുകളും ഉപയോഗിച്ചാണ് വിളിച്ചത്. കൃഷ്ണൻ അർജുനനെ യുദ്ധക്കളത്തിൽ കൊണ്ടുപോയി നിർത്തി എന്നിട്ട് ശത്രുക്കളെ കാണിച്ചുകൊടുത്തു. ശത്രുപക്ഷത്ത് നില്ക്കുന്ന ദ്രോണാചാര്യൻ, കൃപാചാര്യൻ, ഭീഷ്മാചാര്യൻ, കർണ്ണൻ, ദ്രോണൻ എന്നിവരെയെല്ലാം കണ്ടപ്പോൾ അർജുനൻ ഭയന്ന് വിറച്ചു. യുദ്ധപരാജയഭീതി അർജുനനിൽ തുടങ്ങി. ജീവതയുദ്ധത്തിൽ ആരെങ്കിലും പരാജയപ്പെടും എന്ന് ചിന്തിച്ചാൽ അയാൾ ആദ്ധ്യാത്മികജീവിയായി നടിക്കും. ഇതുതന്നെയാണ് അർജുനനും സംഭവിച്ചത്. അർജുനൻ തത്ത്വശാസ്ത്രം സംസാരിക്കാൻ തുടങ്ങി. മുന്നിൽ കാണുന്നവരെല്ലാവരും എന്റെ ബന്ധുക്കളാണെന്നും മറ്റും ശ്രീകൃഷ്ണനോട് അർജുനൻ പറയാൻ തുടങ്ങി. ഈ ബന്ധുക്കളെ എനിക്ക് എങ്ങനെ കൊല്ലുവാൻ സാധിക്കും എന്ന അർജുനന്റെ ചോദ്യം യുക്തിസഹജമല്ലേ! അർജുനൻ യുദ്ധഭൂമിയിൽ വന്നപ്പോഴാണോ അറിഞ്ഞത് അതോ അതിനുമുമ്പു തന്നെ അറിഞ്ഞിരുന്നോ ഇവർ ബന്ധുക്കളാണെന്ന് എന്ന ചോദ്യം കേട്ട മാത്രയിൽ അർജുനന് യുദ്ധപരാജയഭീതിയുണ്ടെന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കും. പരാജയഭീതിയിൽനിന്നാണ് മിക്ക ആദ്ധ്യാത്മികജീവികളും ഉടലെടുക്കുന്നത്. മിക്കവരും ജീവിതത്തിൽനിന്ന് ഓടിയൊളിക്കുന്നു. ജീവിതത്തിൽനിന്ന് ഓടിയിട്ട് അവർ ലോകം മായയാണെന്നും അതൊരു വ്യാമോഹംമാത്രമാണെന്നും പറയുന്നു.

ബ്രഹ്മസത്യം ജഗത്മിഥ്യാ
ജീവോ ബ്രഹ്മൈവ നാപരഃ.

എന്നെല്ലാം ഉദ്ധരിക്കുന്നു. അതുകൊണ്ട് ലോകത്തില കപ്പെടരുത് പുറത്തേയ്ക്ക് വരൂ എന്നെല്ലാം ആഹ്വാനം

▸▸ അവർ ചെയ്യുന്നു. ജീവിതത്തെ അഭിമുഖീകരിക്കുവാൻ ഭയപ്പെട്ട ആത്മീയപുരുഷന്റെ യുക്തിസഹമായ പ്രസംഗം കേട്ട നമുക്ക് തൃപ്തിയും എങ്ങനെയെങ്കിലും ലോകത്തിൽനിന്ന് പുറത്ത് ചാടാനും തോന്നും. പക്ഷേ, ജീവിതത്തെ അഭിമുഖീകരിക്കുമ്പോൾ നമുക്ക് ജീവിതം ഒരു വെറും തോന്നലല്ല എന്ന് മനസ്സിലാകും അപ്പോൾ കുഴങ്ങുകയും ചെയ്യും. എന്നാൽ സ്വയം കുഴങ്ങുന്നവനും മറ്റുള്ളവരെ കുഴക്കുന്നവനുമല്ല ആത്മീയപുരുഷൻ. ഗുരുവാകട്ടെ തന്റെ ശിഷ്യനെ ജീവിതം നല്ലപോലെ നയിക്കുവാൻ സഹായിക്കുന്നവനാണ്. ഇവിടെ ശ്രീകൃഷ്ണൻ അർജുനനെ മനസ്സിലാക്കുകയും ചെയ്തു. തത്ത്വചിന്തകൊണ്ടല്ല ഭയംകൊണ്ടാണ് അർജുനന് ഇപ്രകാരം സംഭവിച്ചത് എന്ന് കൃഷ്ണൻ കണ്ടുപിടിച്ചു. യുദ്ധക്കളത്തിൽ ഭയന്ന് അരണ്ട അർജുനനെ പരംതപ എന്നാണ് കൃഷ്ണൻ വിളിക്കുന്നത്. ശത്രുവിന്റെ മനസ്സിൽ ഭയം ജനിപ്പിക്കുന്നവനേ എന്നാണ് ഇവിടെ കൃഷ്ണൻ അഭിസംബോധന ചെയ്യുന്നത്. പരാജയഭീതപൂണ്ടവനായ അർജുനനെ വിജയ എന്നും സൂചികുത്താൻപോലും ഭൂമിയിൽ ഇടമില്ലാത്തവനെ പാർത്ഥ എന്നും വിളിക്കുന്നു. പാർത്ഥൻ ഭൂപതിയാണ്. ചില്ലിക്കാശുപോലുമില്ലാത്തവനെ ധനഞ്ജയ എന്നാണ് വിളിക്കുന്നത്. കൃഷ്ണന്റെ അർജുനനോടുള്ള ഈ വിളകളിൽ നെഗറ്റീവിന്റെ ഒരംശംപോലുമില്ല. കൃഷ്ണൻ അർജുനനെ അഭിസംബോധന ചെയ്തതെല്ലാംതന്നെ പോസിറ്റീവായിട്ടാണ്. നെഗറ്റീവായ ഭാഷയിൽ കൃഷ്ണൻ സംസാരിച്ചിട്ടേയില്ല. എല്ലാ സംസാരവും പോസിറ്റീവ് ഭാഷയിലായിരുന്നു. അർജുനൻ യുദ്ധക്കളത്തിൽ എഴുന്നേറ്റുനിന്ന് യുദ്ധം ചെയ്യുകയും അവസാനം വിജയിക്കുകയും ചെയ്തു. യുദ്ധത്തിന്റെ ഇഷ്ടാനിഷ്ടഫലപ്രാപ്തിയെ പറഞ്ഞുകൊണ്ടാണ് കൃഷ്ണൻ അർജുനനോട് യുദ്ധത്തെ അഭിമുഖീകരിക്കാൻ പറഞ്ഞത്. നീ ചിലപ്പോൾ യുദ്ധത്തിൽ തോറ്റേക്കാം ചിലപ്പോൾ ജയിച്ചേക്കാം. അതിനെപ്പറ്റി നീ വിചാരപ്പെടേണ്ട. ജയിച്ചാൽ നീ രാജാവാകും തോറ്റാൽ നിനക്ക് വീരസ്വർഗ്ഗം ലഭിക്കും. രണ്ടായാലും നീ ജയിക്കും. നീ തോൽക്കുകയില്ലാത്തതുകൊണ്ട് എഴുന്നേറ്റ് യുദ്ധം ചെയ്യൂ എന്ന് കൃഷ്ണൻ അർജുനനെ ഉണർത്തുന്നു. ഇന്നത്തെ കാലത്ത് നമുക്ക്

ഒരു ബിസിനസ്സ് ആരംഭിക്കണമെന്നുണ്ടെങ്കിൽ അതിൽ വിജയിക്കുമോ ഇല്ലയോ എന്നറിയാൻ നാം ആദ്യം ജ്യോത്സ്യന്റെ അടുക്കൽ പോകുന്നു. ബിസിനസ്സിൽ വിജയിക്കും എന്ന് ഉറപ്പുതന്നാൽ മാത്രമേ നമ്മൾ ബിസിനസ്സ് തുടങ്ങുകയുള്ളു. വിജയിക്കും എന്ന ഉറപ്പു കിട്ടിയാലേ എന്തും നമ്മൾ തുടങ്ങുകയുള്ളു. പക്ഷേ, ജ്യോത്സ്യന്റെ വാക്കുകളിൽ തീർച്ചയൊന്നുമില്ല എന്നതാണ് സത്യം. ഗീതയുടെ രമണീയത ഇവിടെയാണ് നമുക്ക് കാണാൻ സാധിക്കുക. എന്തെന്നാൽ അർജുനൻ ജയിക്കും എന്ന് കൃഷ്ണന് അറിയാമായിരുന്നിട്ടും നീ ജയിക്കും ഞാനുണ്ട് നിന്റെ കൂടെ എന്ന് അദ്ദേഹം അർജുനനോട് പറഞ്ഞില്ല. പാണ്ഡവർ ജയിക്കുമെന്ന് കൃഷ്ണന് ഉറപ്പുണ്ടായിട്ടും കൃഷ്ണൻ അർജുനനോട് ഇത്രമാത്രമാണ് പറഞ്ഞത്. യുദ്ധത്തിൽ തോൽക്കുകയോ ജയിക്കുകയോ ചെയ്യാം. പക്ഷേ, രണ്ടായാലും നിനക്ക് ഗുണമേ ഉണ്ടാകൂ എന്ന്. എന്നാൽ പതിനൊന്നാമദ്ധ്യായത്തിൽ വിശ്വരൂപം കാണിച്ച അവസരത്തിൽ കൗരവർ തോറ്റതായും പാണ്ഡവർ ജയിച്ചതായും കാണിച്ചുകൊടുത്തു. ഇന്നത്തെ ജ്യോത്സ്യന്മാർ ചെയ്യുന്നതുപോലെ ചെയ്യാതെ ശ്രീകൃഷ്ണൻ എന്തുകൊണ്ട് അർജുനനോട് ഇത് ആദ്യം പറഞ്ഞില്ല എന്നത് ചിന്തിക്കണം. പേടി കാരണം നമുക്ക് ഒന്നും ചെയ്യാൻ സാധിക്കുന്നില്ല. നമുക്ക് ജയിക്കുമെന്ന് ഉറപ്പു കിട്ടണം. അതുകൊണ്ട് നമ്മൾ വീരന്മാരല്ല. വീരന്മാർക്ക് മാത്രമേ ആത്മീയ പാതയിലൂടെ സഞ്ചരിക്കാൻ സാധിക്കൂ. നമ്മളിൽ പലരും യുദ്ധക്കളത്തിൽ ഭയന്ന അർജുനന്മാരാണ്. നമുക്ക് കൃഷ്ണനെ ആവശ്യമുണ്ട്. ലോകത്തെ അഭിമുഖീകരിക്കാൻ വേണ്ടി നമ്മേ നയിക്കുന്ന കൃഷ്ണന്റെ അവതാരത്തെ സമയം പ്രതീക്ഷിക്കുകയും കണക്കുകൂട്ടുകയും ചെയ്യുന്നു. നമ്മൾ ചിലപ്പോൾ തോറ്റേക്കാം ചിലപ്പോൾ ജയിച്ചേക്കാം പക്ഷേ, ജീവിതത്തെ അഭിമുഖീകരിക്കൂ. ഈ അഭിമുഖീകരിക്കൽ നേരത്തെ പറഞ്ഞതുപോലെ. അങ്ങനെ അഭിമുഖീകരിച്ചാൽ അത് നമ്മളെ നല്ലതിലേക്ക് എത്തിക്കും. ആ നല്ലതാണ് നമുക്ക് നല്ലതായിട്ടുള്ളത്. അതല്ലാതെ നമ്മൾ വിചാരിക്കുന്നതല്ല നമുക്ക് നല്ലത്. അതുകൊണ്ട് വിഷലൈസേഷൻ എല്ലായെപ്പോഴും പോസിറ്റീവായിരിക്കണം. നമ്മുടെ ഏത് ഗ്രന്ഥമെടുത്തു നോക്കിയാലും അവയെല്ലാം

▶▶ പോസിറ്റീവായ വിഷ്വലൈസേഷനെയും ചിന്തയേയും കുറിച്ചാണ് നമ്മോട് പറയുന്നത്. പക്ഷേ, നേരത്തെ പറഞ്ഞതുപോലെ ഇതൊന്നും മനസ്സിലാക്കാൻ നമുക്ക് ഒരു വഴിയുമില്ല. കാരണം നമുക്ക് സംസ്കൃതഭാഷ അറിയില്ല. നമ്മൾ ആ പവിത്രഭാഷ മറന്നുപോയി. നമുക്ക് ആ ഭാഷ ഇഷ്ടമല്ല. അപ്പോൾ ഇതെല്ലാം ശരിയായി മനസ്സിലാക്കുവാൻ നമുക്ക് ഒരേയൊരു വഴിയേയുള്ളൂ. ഈ ഭാഷ പഠിക്കുകതന്നെ. ഇന്റർനെറ്റിലൂടെയും പുസ്തകത്തിലൂടെയും മറ്റും ധാരാളം വഴികളുണ്ട് ഈ ഭാഷ പഠിക്കാൻ. വഞ്ചിക്കപ്പെടുവാൻ ആഗ്രഹിക്കാതിരിക്കുവാനും പരാശ്രയരാകാതിരിക്കുവാനും പോസിറ്റീവായി ചിന്തിക്കുവാനും വിഷ്വലൈസ് ചെയ്യുവാനും നമുക്ക് മഹർഷിമാരുടെ ആശയത്തിലേക്ക് തിരിച്ചുപോകാം. അവരുടെ വീക്ഷണത്തിലുള്ള ജീവിതത്തെ നോക്കിക്കാണുകയും പുതിയ ബാഹ്യഭൗതിക മാറ്റങ്ങൾക്കനുസരിച്ച് അതുപോലെ ജീവിതത്തെ അഭിമുഖീകരിക്കുകയും ചെയ്യുക. ◘

## സുഭാഷിതം

ചന്ദനം ശീതളം ലോകേ
ചന്ദനാദപി ചന്ദ്രമാഃ
ചന്ദ്രചന്ദനയോർമദ്ധ്യേ
ശീതളാ സാധുസംഗതിഃ

ചന്ദനം ലോകത്ത് തണുപ്പുള്ള വസ്തുവാണ്. ചന്ദനത്തേക്കാൾ തണുപ്പ് ചന്ദ്രനാണുള്ളത്. ഇവർ രണ്ടുപേരേക്കാളും സത്സംഗമത്തിനാണ് തണുപ്പ്.

ചന്ദനം നമ്മുടെ ശരീരത്തിന് തണുപ്പേകുന്നു. ചന്ദ്രനാകട്ടെ തേയ്മാനം വരുന്നുവെങ്കിലും വീണ്ടും വർദ്ധിച്ചുവന്ന് നമ്മുടെ ശരീരത്തിന് മാത്രമല്ല കണ്ണ്, ത്വക്ക് തുടങ്ങിയ ഇന്ദ്രിയങ്ങൾക്കും കുളിർമയും ആനന്ദവും നല്കുന്നു. എന്നാൽ സത്സംഗം ചന്ദ്രചന്ദനങ്ങളേക്കാൾ വ്യത്യസ്തമായ ഒന്നാണ്. നമ്മുടെ മനസ്സിന് ശക്തിയും സൗമ്യതയും ഊർജ്ജസ്വലതയും സ്ഥിരത എന്ന ഗുണവും നല്കുന്നു. ഇത് നല്കുവാൻ ചന്ദ്രചന്ദനങ്ങൾക്ക് കഴിയുകയില്ല. മാത്രമല്ല, മനസ്സിന്റെ ഈ നേട്ടംകൊണ്ട് ശരീരേന്ദ്രിയങ്ങൾക്ക് സൗഖ്യവും ലഭിക്കുന്നു.

# സംസ്കൃതപഠനം

ഡി. പ്രകാശ്

## വാമൊഴിയും വരമൊഴിയും

ഈ പംക്തിയിൽ സംസ്കൃതത്തെ സംബന്ധിച്ച കാര്യങ്ങൾ വളരെ വിശദമായി ചർച്ച ചെയ്യപ്പെടുന്നതിനാലും ത്രൈമാസികയായതിനാലും സശ്രദ്ധം വായിക്കണമെന്നും അടുത്ത ലക്കത്തിലേയ്ക്ക് അവയെ നിങ്ങളുടെ ഓർമ്മയിലൂടെ കൊണ്ടുവരണമെന്നും പ്രത്യേകം പറയേണ്ടതില്ലല്ലോ. കഴിഞ്ഞ ലക്കത്തിൽ വന്ന ചില തെറ്റുകൾ ചൂണ്ടിക്കാണിക്കുന്നു. 29-ാം പേജിൽ അവസാന ഖണ്ഡികയിൽ ഞ എന്നതിന്റെ പ്രയോഗം കുറച്ചുമാത്രമേയുള്ളു എന്ന് തിരുത്തി വായിക്കണമെന്നും വ്യഞ്ജനാക്ഷരപട്ടികയിൽ 'ച ഛ ജ ഝ ഞ **च छ ज झ ञ**' എന്നിവയേയും ഉൾപ്പെടുത്തി വായിക്കണമെന്നും അപേക്ഷ.

### വാമൊഴി

വേദപഠനം പാരമ്പര്യമനുസരിച്ച് വാമൊഴിയിലാണ് ആരംഭിക്കുന്നത്. ലൗകികസംസ്കൃതം ഇന്ന് വാമൊഴിയായും വരമൊഴിയായും ഏതാണ്ട് ഒരുമിച്ചാണ് പഠിക്കുന്നത്. അപൂർവ്വം ചില വീടുകൾ മാത്രമാണുള്ളത് സംസ്കൃതത്തിന്റെ ദൈനംദിന വാമൊഴിയുടെ നിദർശനങ്ങളായി.

### സംസ്കൃതമെന്ന പേര്

സംസാരമാധ്യമമായി സംസ്കൃതത്തെ ഉപയോഗിച്ചതായി ആദ്യമായി രേഖപ്പെടുത്തിയ ഗ്രന്ഥം രാമായണമാണ്. സംസ്കൃതം എന്ന പേരും ഈ ഭാഷയ്ക്ക് പറയുന്നത് രാമായണത്തിൽ സുന്ദരകാണ്ഡത്തിലാണ്. ശിംശാപാവൃക്ഷച്ചുവട്ടിലുള്ള സീതയോട് ഏതു ഭാഷയിലാണ് സംസാരിക്കേണ്ടത് എന്ന് ഹനുമാൻ ഇപ്രകാരം നിശ്ചയിക്കുന്നു.

"അഹം ഹ്യതിതനുശ്ച വാനരശ്ച വിശേഷതഃ
വാചം ചോദാഹരിഷ്യാമി മാനുഷീമിവ സംസ്കൃതം-17
യദി വാചം പ്രദാസ്യാമി ദ്വിജാതിരിവ സംസ്കൃതാം
രാവണം മന്യമാനാ മാം സീതാ ഭീതാ ഭവിഷ്യതി-18
അവശ്യമേവ വക്തവ്യം മാനുഷം വാക്യമർത്ഥവത്
മയാ സാന്ത്വയിതും ശക്യാ നാന്യഥേയമിനിന്ദിതാ"-19

—സുന്ദരകാണ്ഡം 30-17,18,19

"മെലിഞ്ഞവനും വിശേഷിച്ച് കുരങ്ങനുമായ ഞാൻ മനുഷ്യരെപ്പോലെ സംസ്കൃതവാക്കുകൾ പറയാം. ബ്രാഹ്മണരെപ്പോലെ സംസ്കൃതം പറഞ്ഞാൽ എന്നെ രാവണനെന്ന് കരുതി സീത ഭയക്കും. അർത്ഥമുള്ള മനുഷ്യസഹജമായ വാക്യം പറയണം. അങ്ങനെ സീതയെ സാന്ത്വനിപ്പിക്കുവാൻ സാധിക്കും."

ഇതിൽനിന്ന് രാവണനും സംസ്കൃതത്തിൽ സംസാരിച്ചിരുന്നുവെന്നു കാണാം. സാധുശബ്ദങ്ങളുടെ അർത്ഥവത്തായ പ്രയോഗംപോലെ വ്യക്തവും സ്ഫുടവുമായ ഉച്ചാരണത്തിലൂടെ മാത്രമേ ആശയവിനിമയം സാധ്യമാവൂ എന്നുകൂടി ഹനുമാന്റെ സംസാരത്തെക്കുറിച്ചുള്ള രാമന്റെ അഭിപ്രായത്തിൽനിന്ന് മനസ്സിലാക്കാം. ശ്രീരാമാഭിപ്രായം ഇവിടെ ശ്രദ്ധിക്കുക :

"നൂനം വ്യാകരണം കൃത്സനം അനേന ബഹുധാ ശ്രുതം
ബഹുവ്യാഹരതാനേന ന കിംചിദപഭാഷിതം"

—കിഷ്കിന്ധകാണ്ഡം 3-29

വളരെയധികം സംസാരിക്കുന്ന ഇദ്ദേഹം ഒന്നുപോലും തെറ്റായി പറഞ്ഞില്ല. തീർച്ചയായും വ്യാകരണം മുഴുവനും നന്നായി പഠിച്ചിട്ടുണ്ട്.

## വർണ്ണോച്ചാരണ പ്രക്രിയ

വായിച്ചാലും കേട്ടാലും ആദ്യം അർത്ഥബോധം ഉണ്ടാകുന്നത് വാക്യത്തിൽനിന്നാണ് എന്നത് ശരിതന്നെ. അതാണ് സഹജമായ രീതി. എന്നാൽ ഇവിടെ സ്ഥലവും സമയവും പരിമിതമാകയാൽ അക്ഷരങ്ങളുടെ ഉച്ചാരണരീതി അല്പമൊന്ന് പരാമർശിക്കേണ്ടതായ ആവശ്യമുണ്ടെന്നു തോന്നുന്നു. മാതൃകാക്ഷരമാലയെ നമ്മൾ മുൻപാഠത്തിൽ പരിചയപ്പെട്ടു. അവയുടെ ഉച്ചാര

ണത്തിന് അക്ഷരങ്ങളുടെ ഉദ്ഭവങ്ങളുടെ പ്രക്രിയ ചെറുതായി ഒന്ന് മനസ്സിലാക്കിയാൽ നന്നായിരിക്കും.

ആത്മാവ് (നാം ഓരോരുത്തരും) ബുദ്ധിയുടെ സഹായത്താൽ അർത്ഥത്തെ (പ്രകടിപ്പിക്കേണ്ട ആശയത്തെ) പറയുവാൻ ആഗ്രഹിച്ച് മനസ്സിനോടൊപ്പം ചേരുന്നു. മനസ്സ് ശരീരോഷ്മാവിനെ വളർത്തുകയും അത് പ്രാണനെ (വായുക്കളെ) പ്രേരിപ്പിക്കുകയും പ്രേരിതനായ വായു മുകളിലേയ്ക്ക് ഉയർന്ന് ഹൃദയത്തിലും അവിടെനിന്ന് കണ്ഠത്തിലും അവിടെനിന്ന് മൂർദ്ധാവിൽവന്ന് അടിച്ച് വളഞ്ഞ് വായ്ക്കുള്ളിൽ അതത് സ്ഥാനങ്ങളിൽ തട്ടി അതത് അക്ഷരരൂപങ്ങൾ ശ്രവണയോഗ്യമായി പുറത്തേയ്ക്ക് പ്രവഹിക്കുന്നു. ഇപ്രകാരം പാണിനീയ ശിക്ഷയിൽ കാണാവുന്നതാണ്.

ആത്മാ ബുദ്ധ്യാ സമേത്യാർത്ഥാൻ മനോ യുങ്ക്തേ വിവക്ഷയാ
മനഃ കായാഗ്നിമാഹന്തി സ പ്രേരയതി മാരുതം - 6

മാരുതസ്തൂരസി ചരൻമന്ദ്രം ജനയതി സ്വരം
പ്രാതഃ സവനയോഗം തം ഛന്ദോ ഗായത്രമാശ്രിതം - 7

കണ്ഠേ മാദ്ധ്യന്ദിനയുഗം മധ്യമം ത്രൈഷ്ടുഭാനുയുഗം
താരം താർത്തീയസവനം ശീർഷണ്യം ജാഗതാനുയുഗം - 8

സോദീർണോ മൂർധ്ന്യഭിഹതോ വക്രമാപദ്യ മാരുതഃ
വർണ്ണാൻ ജനയതേ തേഷാം വിഭാഗഃ പഞ്ചധാ സ്മൃതം - 9

—പാണിനീയശിക്ഷാ

## ഉച്ചാരണം

ഇപ്രകാരം നമ്മുടെ ഉള്ളിലുള്ള ആശയം നമ്മുടെ ഇച്ഛാശക്തിക്കനുസരിച്ച് പ്രാണരൂപത്തിലായ അത് ഉയർന്ന് സഞ്ചരിച്ച് ഉണ്ടാകുന്നതാകയാൽ അതിനെ ഉച്ചാരണം എന്നു പറയുന്നു.

ആശയരൂപത്തിലുള്ള വായു വയറിൽനിന്ന് ഉയർന്ന് കണ്ഠത്തിലൂടെ വായ്ക്കകത്ത് അതത് സ്ഥാനത്ത് പ്രയത്നാനുസാരേണ തട്ടുമ്പോൾ ഉണ്ടാകുന്നതാണ് വർണ്ണോച്ചാരണം എന്നു കണ്ടു. അവ സുവ്യക്തവും സാരള്യവും ഉള്ളതാകണമെങ്കിൽ അക്ഷരങ്ങൾക്ക് മുറിവേൽക്കുവാനോ അക്ഷരങ്ങൾ വഴുതിവീഴുവാനോ പാടില്ല. പൂച്ച തന്റെ കുഞ്ഞിനെ കടിച്ചെടുത്തുകൊണ്ടു

പോകുന്നതുപോലെ വാക്കുകളുടെ ഉച്ചാരണം വേണമെന്ന് പാണിനീയശിക്ഷയുടെ അനുശാസനം ഇവിടെ ഓർക്കണം.

വ്യാഘ്രീ യഥാ ഹരേത് പുത്രാൻ
ദംഷ്ട്രാഭ്യാം ന ച പീഡയേത്
ഭീതാ പതനഭേദാഭ്യാം
തദ്വർണ്ണാൻ പ്രയോജയേത് -25

— പാണിനീയ ശിക്ഷ

വായകൊണ്ടുള്ള മൊഴി എന്നർത്ഥത്തിലുള്ള വാമൊഴി മനുഷ്യനാക്കിന്റെ മടിശീലത്തെ (economy of effort) കുറിക്കുന്നു. എങ്കിലും സംസ്കൃതത്തിലെ പ്രാചീനഭാഷാചാര്യന്മാർ ഉച്ചാരണനിഷ്കർഷയും ശൈലീശാലീനതയും ഭാഷയെ സൗന്ദര്യവതിയും അതുവഴി ഉൽകൃഷ്ടവും (classic) ആക്കും എന്ന് ഉദ്ദേശിച്ചു.

## വരമൊഴി

ഉച്ചരിച്ച ശബ്ദങ്ങളുടെ ലിപിസങ്കേതത്തെയാണ് വരമൊഴി എന്നു പറയുന്നത്. 'ലിപ' ഉപദേഹേ എന്ന ധാതുവിൽനിന്ന് നിഷ്പന്നമായ പദമാണ് ലിപി. 'ലിപി ലിഖിതാക്ഷരസംസ്ഥാനേ ലിപിർലിബിരുഭേ സ്ത്രിയൗ' എന്ന് അമരകോശം. എഴുതിയാൽ കടലാസ് തുടങ്ങിയവയിൽ രേഖാരൂപത്തിൽ കാണാവുന്നതിനാൽ ലിപി എന്നു പറയുന്നുവെന്നു സാരം.

## ഉദ്ഭവവും അർത്ഥവും

വാമൊഴിയിൽനിന്ന് വരമൊഴി ഭാഷയ്ക്ക് ക്ലിപ്തതയും സഭ്യതയും വരുത്തി എന്നു പറയാം. അതുകൊണ്ട് വരമൊഴിയെ ശ്രേഷ്ഠമായ മൊഴി എന്നു വിളിക്കാം. വരശബ്ദത്തിന് ശ്രേഷ്ഠം എന്നാണല്ലോ അർത്ഥം. ചിത്രകലാവാസന മനുഷ്യനെ ലിപിസങ്കേതത്തിൽ കൊണ്ടെത്തിച്ചു എന്ന് ഒരഭിപ്രായമുണ്ട്. പ്രപഞ്ചത്തിന്റെ ഇച്ഛാശക്തി ഉരുണ്ടുകൂടി സമ്മർദ്ദത്തോടെയും വലിയ ശബ്ദത്തോടെയും ഛിന്നിചിതറിയപ്പോൾ ഏതുപോലയാണോ അത് ജ്യാമതിയരൂപങ്ങളായ വൃത്തം, ത്രികോണം, ചതുരം, ബിന്ദു, നേർരേഖ എന്നീ രൂപങ്ങൾ കൈക്കൊണ്ടത്

അതുപോലെ ലിപിരൂപങ്ങളും ആവിർഭവിച്ചു എന്ന അഭിപ്രായക്കാരുമുണ്ട്. സംസ്കൃതത്തിന്റെ ലിപി ദേവ നാഗരലിപി എന്നറിയപ്പെടുന്നു.

■

തന്ത്രശാസ്ത്ര ഗ്രന്ഥപരിചയം (2)

# വിഷ്ണുസംഹിതാ

അജിതൻ പി.ഐ.

വൈഷ്ണവ സമ്പ്രദായത്തിന്റെ ആധാരഗ്രന്ഥ ങ്ങളാണ് പാഞ്ചരാത്ര, വൈഖാനസ, ഭാഗവതങ്ങൾ. പഞ്ചരാത്രഗ്രന്ഥങ്ങളാണ് പൊതുവേ സംഹിതകളെന്ന പേരിലറിയപ്പെടുന്നത്. ശൈവാഗമങ്ങളിലെന്നപോലെ ഇതിലേയും വിഷയം തത്ത്വചിന്തയും അതിനനുസൃത മായി പടുത്തുയർത്തിയ ആരാധനാരീതികളുമാണ്. ഈ സമ്പ്രദായത്തിലും പരമപ്രധാനലക്ഷ്യം മോക്ഷമാണെ ങ്കിലും ശൈവസങ്കല്പങ്ങളിൽനിന്ന് വ്യത്യസ്തമായ ദ്വൈതപരമായ മോക്ഷസങ്കല്പമാണിവർക്കുള്ളത്. ചുരുക്കിപ്പറഞ്ഞാൽ നാരായണന് തുല്യനായിത്തീരുന്ന ഒരനുഭവവിശേഷമാണ് മോക്ഷം, അല്ലാതെ നാരായണ നായിത്തീരലല്ല.

സമ്പ്രദായവിശ്വാസമനുസരിച്ച് പാഞ്ചരാത്രസംഹി തകൾ 108 എണ്ണമാണ്. എന്നാൽ ഷ്രേഡർ ഏകദേശം ഇരുന്നൂറ്റിപത്തോളം സംഹിതകൾ ഉള്ളതായി കാണു ന്നുണ്ടെന്നും അവയുടെ പേരുകൾ പ്രത്യേകം തന്റെ 'Introduction to Pancaratra' എന്ന അതിപ്രശസ്തമായ ഗ്രന്ഥത്തിൽ ഉൾക്കൊള്ളിച്ചിട്ടുമുണ്ട്. ഈ പട്ടികകളിൽ ഉൾപ്പെടുന്ന ഒരു പാഞ്ചരാത്രഗ്രന്ഥമാണ് വിഷ്ണുസം ഹിത.

ഇതിൽ 30 അദ്ധ്യായങ്ങളിലായി മൗലികങ്ങളായ പാഞ്ചരാത്രസിദ്ധാന്തങ്ങൾ, പ്രധാന മന്ത്രങ്ങൾ അവ യുടെ ഉപയോഗങ്ങൾ തുടങ്ങി പാഞ്ചരാത്രയോഗസമ്പ്ര ദായംവരെയുള്ള വിഷയങ്ങൾ സവിസ്തരം പ്രതിപാദി ച്ചിരിക്കുന്നു. ഇതിൽ ക്ഷേത്രനിർമ്മാണം, ദീക്ഷാവിധി, ▸▸

ക്ഷേത്രത്തിലെ ഉത്സവ, ജീർണ്ണോദ്ധാരണാദി ആചാരരീതികൾ തുടങ്ങിയ വിഷയങ്ങളും ഉൾപ്പെടുന്നു.

ഗ്രന്ഥകർത്താവ് സ്വയം വെളിപ്പെടുത്തുന്നത് 'സുമതി' എന്നാണ് തന്റെ പേരെന്നും താൻ ഇദ്ധ്മവാന്റെ പുത്രനാണെന്നുമാണ്. ഇതിൽ കൂടുതലായി ഇദ്ദേഹത്തിന്റെ ദേശത്തെക്കുറിച്ചോ കാലത്തെക്കുറിച്ചോ ഇന്നോളമൊന്നും കണ്ടുപിടിക്കപ്പെട്ടില്ല. മറ്റ് കേരളീയ തന്ത്രഗ്രന്ഥങ്ങളുമായി തട്ടിച്ചുനോക്കുമ്പോൾ ഒന്നുകിൽ ശൈവാഗമ നിബന്ധനത്തിന് മുമ്പോ അല്ലെങ്കിൽ അതിനുശേഷമോ ആയിരിക്കാം ഇതെഴുതപ്പെട്ടത്. എന്നാൽ ശൈവാഗമനിബന്ധനത്തിനുശേഷം എഴുതപ്പെട്ടതെന്ന് വിശ്വസിക്കപ്പെടുന്ന ഈശാനശിവഗുരുദേവപദ്ധതിയിൽ വിഷ്ണുസംഹിത പരാമർശിച്ചിട്ടേയില്ല. തുടർന്നു വരുന്ന തന്ത്രസമുച്ചയത്തിന് മുമ്പും പിമ്പുമായുള്ള എല്ലാ ഗ്രന്ഥങ്ങളിലും വിഷ്ണുസംഹിത ചെലുത്തിയ സ്വാധീനം ഏറെ വലുതാണ്. സസൂക്ഷ്മം നിരീക്ഷിച്ചാൽ വൈഷ്ണവസമ്പ്രദായത്തെ കേന്ദ്രീകരിച്ച് ഒരു പദ്ധതി ഗ്രന്ഥം മെനയുന്നതിന് തന്ത്രസമുച്ചയകാരൻ ഏറെ അവലംബിച്ച ഒരു ഗ്രന്ഥമാണ് വിഷ്ണുസംഹിതയെന്ന് എളുപ്പം മനസ്സിലാക്കാം.

വിഷ്ണുസംഹിത പ്രതിനിധാനം ചെയ്യുന്ന ഒരാരാധനാ സമ്പ്രദായത്തിന് സാദൃശ്യം കേരളത്തിലെ ക്ഷേത്രകേന്ദ്രീകൃതമായ ആരാധനാരീതികളോടാണ്. ഈയൊരു വിഷയം പഠനവിഷയമാക്കുമ്പോൾ ഉയർന്നു വരുന്നൊരു സംശയം ഇപ്പോൾ ലഭ്യമായ വിഷ്ണുസംഹിതതന്നെയാണോ 108 പാഞ്ചരാത്ര സംഹിതകളുടെ പട്ടികയിൽ ഉൾപ്പെട്ടതെന്നാണ്. ഗ്രന്ഥകർത്താവിന്റെ പേരും ഒരു പുനർവായനയ്ക്ക് പ്രേരിപ്പിക്കുന്ന ഒരു ഘടകമാണ്. ഇത് കേരളീയ തന്ത്രഗ്രന്ഥമാണോ അല്ലെങ്കിൽ ശരിയായ അർത്ഥത്തിൽ വിഷ്ണുസംഹിത ഒരു പഞ്ചരാത്ര ഗ്രന്ഥമാണോ എന്നുമുള്ള വിഷയങ്ങളിൽ ഇനിയും പഠനങ്ങൾ നടത്തേണ്ടിയിരിക്കുന്നു.

**വ്യാഖ്യാനങ്ങൾ :**

വിഷ്ണുസംഹിതയ്ക്കുള്ള രണ്ടു പ്രധാനപ്പെട്ട വ്യാഖ്യാനങ്ങൾ താളിയോലരൂപത്തിൽ ഇന്നു ലഭ്യമാണ്. അവ നാരായണന്റെ 'ഹാരിണിയും' നാഗസ്വാമിയുടെ 'തത്വപ്രദീപിക'യുമാണ്.

# ശ്രീകൃഷ്ണന്റെ ധർമ്മപരിപാലന ദൗത്യം

അപർണ്ണാദേവി എ.

മനുഷ്യൻ - സർവ്വചരാചരങ്ങളിലുംവെച്ച് ഉത്കൃഷ്ട മായ ഒരു ജീവൻ. മാനവനിൽനിന്ന് മഹാമാനവനിലേയ്ക്ക്, മനുഷ്യത്വത്തിൽനിന്ന് ഈശ്വരത്വത്തിലേയ്ക്കുള്ള പ്രയാണമാണ് മനുഷ്യജീവിതം. മനോവാക്കർമ്മങ്ങളെക്കൊണ്ട് ജീവിതത്തെതന്നെ പരമസത്തയ്ക്കായുള്ള ഉപാസനയാക്കി മാറ്റുന്നവർ പരമാത്മാവായിതന്നെ തീരുന്നു. സ്വജീവിതത്തെതന്നെ സ്വസന്ദേശമാക്കി മാറ്റി ധർമ്മപതാക ലോകമാകെ പാറിച്ച മനുഷ്യനായി ജനിച്ച മഹാമാനവനായ ശ്രീകൃഷ്ണപരമാത്മാവിനായിക്കൊണ്ട് നമസ്കാരം.

മനുഷ്യന് ഈശ്വരത്വത്തിലേയ്ക്ക് ഉയരുവാനുള്ള ഒരു മാതൃകാഗുരുവായി ശ്രീകൃഷ്ണൻ വർത്തിച്ചു. യോഗക്ഷേമമാണല്ലോ ഒരു ഗുരുധർമ്മം. ജീവിതത്തിലെ ഓരോ ശ്വാസനിശ്വാസങ്ങളിലും ഈ ധർമ്മത്തെ ഒളിഞ്ഞും തെളിഞ്ഞും അദ്ദേഹം പ്രകടിപ്പിച്ചു.

ആരാണീ കൃഷ്ണൻ - ആരേയും ആകർഷിക്കുന്നവൻ ആരോ അവനാണ് കൃഷ്ണൻ. അങ്ങനെ ആരേയും മോഹിപ്പിക്കുന്ന എല്ലാ വർണ്ണങ്ങളെയും തന്നിലേയ്ക്ക് ലയിപ്പിക്കുന്ന ശ്യാമള വർണ്ണത്തോടുകൂടിയവൻ. ഐശ്വര്യം അതായത് സാക്ഷാൽ മഹാലക്ഷ്മി കൂടി കൃഷ്ണനോട് കൂടിയാലോ? - ശ്രീകൃഷ്ണൻ.

## എന്താണീ ധർമ്മം?

ധാരാണാത് ധർമ്മ ഇത്യാഹുഃ ധർമ്മോ ധാരയതേ പ്രജാഃ എന്ന മഹാഭാരതവാക്യം ഇവിടെ സ്മർത്തവ്യമാണ്. നിലനിർത്തുന്നതിനാൽ ധർമ്മം എന്നു പറയുന്നു. പ്രജകളെ നിലനിർത്തുന്നത് ധർമ്മമാണ്. ഇതുകൊണ്ട് ധർമ്മത്തിന്റെ ലക്ഷ്യമേ പറഞ്ഞുള്ളൂ. എന്നാൽ ധർമ്മസ്വരൂപം :

"കർത്തവ്യങ്ങൾ അനുഷ്ഠിക്ക
അകർത്തവ്യങ്ങൾ തള്ളുക
ഏവമുള്ള സദാചാരം
ധർമ്മമെന്ന് ധരിക്കണം."

എന്ന സൂക്തിയിൽ അടങ്ങിയിരിക്കുന്നു. കർത്തവ്യമെന്നാൽ ഓരോ മനുഷ്യന്റെയും ഒരിക്കലും മാറ്റാൻ പറ്റാത്തതായ 'സ്വ'ഭാവത്തെ അതുപോലെ നിലനിർത്തുന്നതാണ്. 'സ്വ'ഭാവത്തിനനുസരിച്ച് ജീവിക്കുക, അതാണ് ധർമ്മം. അപ്പോൾ ധർമ്മമനുഷ്ഠിച്ചാൽ മോക്ഷമടയാം. ശിശുപാലനെ അത്തരത്തിൽ ജീവിക്കുവാൻ അനുവദിച്ചതാണ് - 100 തെറ്റുകൾ ക്ഷമിച്ചത് - ശ്രീകൃഷ്ണൻ നടത്തിയ ധർമ്മപരിപാലനദൗത്യത്തിൽ ഒന്ന്.

ഒരു വ്യക്തിയിൽതന്നെ സത്വരജസ്തമോ ഗുണങ്ങൾ അടങ്ങിയിരിക്കുന്നു. കാലദേശത്തിനനുസരിച്ച് ഓരോ സന്ദർഭങ്ങളിലും ഇതിന്റെ അളവിൽ വ്യത്യാസം വരുന്നു. ആ വ്യത്യാസങ്ങൾക്കനുസരിച്ച് വ്യക്തി സൃഷ്ടിസ്ഥിതിസംഹാരങ്ങൾക്ക് കാരണഭൂതനാകുന്നു. സ്വധർമ്മം പാലിക്കുമ്പോഴാണ് വ്യക്തിക്ക് ഈ മൂന്നവസ്ഥയിലും എത്താൻ കഴിയുന്നത്. ഈ മൂന്നവസ്ഥയിലും എത്തുന്ന വ്യക്തി സർവ്വവ്യാപിതന്നെയാണ്. അയാൾ ഈശ്വരൻതന്നെയായി മാറുന്നു. അങ്ങനെ ആയാൽ ഏതൊരു വസ്തുവിലും അയാൾക്ക് തന്നെത്തന്നെ ദർശിക്കാൻ കഴിയും. സൃഷ്ടിയും സംഹാരവും കൃഷ്ണൻ നടത്തുന്നതും ധർമ്മം പരിപാലിക്കപ്പെടാൻ വേണ്ടിയാണ്. ധർമ്മം എന്നാൽ നിലനിൽപ്പുതന്നെ. സംരക്ഷണംതന്നെയാണ് ഏതൊരു ചരാചരത്തിന്റെയും ധർമ്മമാകേണ്ടത്. തന്നോടൊപ്പം സഹവസിച്ച അല്ലെങ്കിൽ താനുമായി പ്രത്യക്ഷമായോ പരോക്ഷമായോ ബന്ധപ്പെട്ട ചരാചരത്തേയും ഈശ്വരതയിലേയ്ക്ക് കൃഷ്ണൻ എങ്ങിനെ ഉയർത്തി? എന്തെല്ലാം ഗുണങ്ങളാണ് അദ്ദേഹത്തെ അതിന് സഹായിച്ചത്? എന്തെല്ലാം ധർമ്മങ്ങൾ ഓരോ ഗുണത്തിലും ഉൾക്കൊണ്ടിരിക്കുന്നു?

(തുടരും)

പരിഷ്കരിച്ചു വിപുലീകരിച്ച രണ്ടാം പതിപ്പ്

ഇപ്പോൾ വിൽപ്പനയിൽ

വില ₹ 650/-

ശ്രീമാധവജി ഗ്രന്ഥാവലി പുസ്തകം രണ്ട്

**കേരളീയ ക്ഷേത്രതന്ത്ര ക്രിയാപദ്ധതി**

സമ്പാദകൻ : കാരണത്ത് ശ്രീധരൻ നമ്പൂതിരി

വേദമന്ത്രങ്ങൾ അടങ്ങിയ സിഡിയോടുകൂടി

**വില്വമംഗലം സ്വാമിയാരുടെ (ലീലാശുകൻ)**

**ശ്രീകൃഷ്ണകർണ്ണാമൃതം**

സി.എം .കൃഷ്ണനുണ്ണിയുടെ

**സുന്ദരിഗോപാലവ്യാഖ്യാനസഹിതം**

വില : ₹ 100/-

ചേന്നാസ് നാരായണൻ നമ്പൂതിരിയുടെ

**തന്ത്രസമുച്ചയം സംസ്കൃതം**

(വിമർശനം, വിവരണം എന്നീ വ്യാഖ്യാനത്തോടുകൂടി)

ഞങ്ങളുടെ വെബ് സൈറ്റിൽ ലഭ്യമാണ്.

www.shripuram.org

ഈ സൈറ്റിൽ download-കൾ എല്ലാം സൗജന്യമാണ്.

ഉടൻ പ്രസിദ്ധപ്പെടുത്തുന്നു

ശാസ്ത്രപദവി അലങ്കരിക്കുന്നതും കാവ്യാത്മകവുമായ

ദുർവ്വാസാവു മഹർഷിയുടെ

**ലളിതാസ്തവരത്നം** വ്യഖ്യാനസഹിതം

ലളിതോപാസകർക്ക് ദേവിസന്നിധിയിലേയ്ക്ക് പ്രവേശനകവാടം

കോപ്പികൾക്ക് ബന്ധപ്പെടുക :

ശ്രീപുരം പബ്ലിക്കേഷൻസ്

മാടായിക്കോണം, ഇരിങ്ങാലക്കുട

ഫോൺ : 0480 2856505, 9288048604

# മുഖചിത്രത്തെക്കുറിച്ച് ഒരു വാക്ക്




ഈ ചിഹ്നം ഞങ്ങൾക്കു കിട്ടിയത് ഒരു സൂഫിസന്യാസിയുടെ കൈയിൽനിന്നാണ്. തന്റെയുള്ളിൽ ശ്രവിക്കുന്ന നാദത്തെ അനുസന്ധാനം ചെയ്യുന്ന ഒരു യോഗിയുടെ മുഖമാണ് ഈ ചിത്രം. യോഗികൾ ശ്രവിക്കുന്ന ഈ നാദമാണ് പ്രണവധ്വനി. അതാണ് ഈ ചിത്രത്തിന്റെ അർത്ഥവും.

യോഗിയുടെ മുഖത്ത് ചെവികളില്ല. കാരണം ആന്തരികമായി നാദശ്രവണമുണ്ടാവുന്ന സമയത്ത് ബാഹ്യമായ ശബ്ദവീചികളെ കേൾക്കുകയില്ല. ഈ അവസ്ഥയിൽ മൂക്കിലൂടെയുള്ള ശ്വാസോച്ഛ്വാസം നിലയ്ക്കുകയും ദൃഷ്ടികൾ പുരികക്കൊടിക്കിടയിൽ കേന്ദ്രീകൃതമാവുകയും ചെയ്യുന്നു. ഇവിടെ വാക്കുകൾ ഇല്ലാത്തതുകൊണ്ട് ചുണ്ടുകൾ ബന്ധിത രൂപത്തിലാണ്. ഈ അവസ്ഥ പ്രതിനിധാനം ചെയ്യുന്നത് തന്ത്രശാസ്ത്രത്തിൽ പറയുന്ന ശാംഭവി/ഭൈരവി എന്ന മുദ്രയെക്കൂടിയാണ്. ഇതിന് മൗനമുദ്ര എന്നും പേരുണ്ട്. ആ ശാംഭവീമുദ്ര എന്റെയുള്ളിൽ സ്ഫുരിക്കട്ടെ — പരമമായ ജ്ഞാനം അഥവാ ശിവബോധം എന്റെ ഉള്ളിൽ ഉദിക്കട്ടെ.

Printed and published by Sreekanth C. for Shripuram Publications, Madaikkonam P.O., Irinjalakkuda, Thrissur - 680 712; Editor : Prakash D.; and Printed at Impress Offset Printers, Irinjalakkuda.